# THE KUDUMBA DEEPAM.



Vol. VI.) March 1935. (No. 3.

## വിഷയവിവരം.

1. പ്രാർത്ഥനാഗീതി ........ 65.
2. നോമ്പുകാലം ........ ,,
3. ഓക്സ്ഫോർഡ് പ്രസ്ഥാനം ........ 68.
4. കത്തോലിക്കാസഭ ........ 72.
5. ശത്രുക്കളെ സ്നേഹിപ്പിൻ. ........ 75.
6. യുവലോകം . . . . . . . . . . . . . 77.
7. ഒരു രണ്ടാം സെബാസ്റ്റ്യൻ . . . . . . . . . 84.
8. സ്ഥിരപഞ്ചാംഗം . . . . . . . . . . . . 88.
9. ക്ഷയരോഗത്തിനു തവളസൂപ്പ് . . . . . . . . 90.
10. പൊതുനിയോഗം ........ 92.
11. കുറിപ്പുകൾ ........ 93.

"ക്ഷമയാം തോണി കേറീട്ടു വിചാരത്തുഴ കുത്തി നീ
കുടുംബഭരണാംഭോധി സാവധാനം കടക്കുക."

## ഡോക്ടർ നിഷിമൂറ ഡി. എസ്സ്.

# ജാപ്പാനീസ് ദന്തവൈദ്യൻ.



### എറണാകുളം.

പല്ലു സംബന്ധമായ എല്ലാ രോഗങ്ങളും ചികിത്സിച്ചു സുഖപ്പെടുത്തുകയും കൃത്രിമ പല്ലുകൾ വെച്ചുകൊടുക്കയും ചെയ്യുന്നു.

---

# നിലങ്കാരിച്ചൂർണ്ണം.

നിങ്ങളുടെ കുട്ടികളെ ൩ മാസം തുടരെ ചുമച്ചുകൊണ്ടിരിക്കുവാൻ അനുവദിക്കരുതു. ഞങ്ങളുടെ മരുന്നു ഉപയോഗിക്കുന്നതായാൽ പന്ത്രണ്ടു ദിവസംകൊണ്ടു ചുമ നിറുത്തുവാൻ നിങ്ങൾക്കു സാധിക്കുമെന്നു അതിശയോക്തിസ്പർശം കൂടാതെ പറയാം.

ഒരു കുപ്പിക്കു വില ക. ൨-൧൨-൦

### കാസശ്വാസനിവാരണി.

നിങ്ങൾ പല ഔഷധങ്ങൾ ഉപയോഗിച്ചിട്ടും സുഖപ്പെടാതിരിക്കയാണെങ്കിൽ അവസാനമായി ഈ മരുന്നു ഉപയോഗിച്ചുനോക്കുക. തീർച്ചയായിട്ടും സുഖം കിട്ടും.

കുപ്പി ഒന്നിനു ക. ൪-൮-൦

### പ്രമേഹസംഹാരി.

ഈ മരുന്നു ആറു മാസം ഉപയോഗിച്ചാൽ എത്ര പഴകിയ പ്രമേഹവും പൂർണ്ണസുഖമാകുന്നതാണ്.

ഒരു കുപ്പിക്കു വില ക. ൪-൧൨-൦

വാതഹാരി: എല്ലാത്തരം വേദനകൾക്കും വാതത്തിനും വിശേഷമാണ്. പോഷകകരമായ വീഞ്ഞു: അഗ്നിമാന്ദ്യം, ശിരസ്സ്താപം, ബലക്ഷയം, ഹൃദ്രോഗം മുതലായ സുഖക്കേടുകൾക്കു പ്രസിദ്ധിപ്പെട്ടതു. ജ്വരഹാരി: മലമ്പനിക്കും മലബന്ധത്തിനും ഉപയോഗിക്കേണ്ടതു്. 'ഹെമ്മിന': എല്ലാ ത്വഗ്രോഗങ്ങളും വേഗത്തിൽ സുഖമാക്കും. വിഷൂചിക, വയറുകടി, ഉഷ്ണപ്പുണ്ണു മുതലായ രോഗങ്ങൾക്കുള്ള പലൌഷധങ്ങളും തയ്യാറുണ്ടു്. ഈ ഔഷധങ്ങളുടെ ഫലസിദ്ധിയെപ്പറ്റി വൈദ്യന്മാരുടെ അനവധി സർട്ടിഫിക്കേറ്റുകൾ കിട്ടീട്ടുണ്ടു.

പെരേര ആൻഡ് കമ്പനി, കെമിസ്റ്റസ്,
നമ്പ്ര് ൧൧, കോഴിക്കോട്. മലബാർ

---

# മാസവരിക്കാർ അറിവാൻ.

കല്ലേറ്റുംകര, പുതുക്കാട്, ഒല്ലൂർ, തൃശ്ശൂർ, പഴുവിൽ, കണ്ടശ്ശാങ്കടവ്, എനാമ്മാവ്, മുല്ലശ്ശേരി, പാവർട്ടി, ചിററാട്ടുകര, ചാവക്കാട് എന്നീ അഞ്ചൽ അതിർത്തികളിൽപ്പെട്ട സ്ഥലങ്ങളിൽ മി. പടിഞ്ഞാറേപ്പറമ്പിൽ ഇത്താക്കു ജോസഫ് വരിപ്പണം പിരിക്കുവാനും പുതിയ വരിക്കാരെ ചേർക്കുവാനുമായി ഈ മാസത്തിൽ സഞ്ചരിക്കുന്നതാണ്. മാസവരിക്കാർ അദ്ദേഹത്തിനു അനാവശ്യ താമസത്തിനിടയാക്കാതെ പണം കൊടുത്തു മാനേജരുടെ ഒപ്പോടുകൂടിയ അച്ചടിച്ച രസീതു വാങ്ങിക്കൊള്ളണമെന്നപേക്ഷ.

മാനേജർ, കുടുംബദീപം.

ദ്യം.

ഭാഗ്യം.

വ്യം.



GO TO JOSEPH.

# കുടുംബദീപം.

പുസ്തകം ൧. } മാച്ച് ൧൯൩൧. { ലക്കം ൩

## പ്രാർത്ഥനാഗീതി.

(ശ്രീമാൻ കെ. വി. ജോസഫ്, മഞ്ഞുമ്മേൽ.)

ശ്രീരാഗം ആദി. മാടമഹീശപുംഗവൻ എ മ-

പല്ലവി

ഭാഗ്യപിതാവെ പാഹിമാം.

അനുപല്ലവി

ചരമം—പരമം—വരുവാൻ—തുണനീ— ഭാഗ്യം

ചരണങ്ങൾ

1, ആലയാലംബനമേ—അമരംനിൻപാദമേ
അല്ലലകററിച്ചെമ്മേ-യടിയ-നരുൾക-നിയതം-ഭവികം- ഭാഗ്യം

2. സ്വർല്ലോകറാണിയേയും-വിണ്ഡലരാജനേയും
നല്ലപോൽസംരക്ഷിച്ച-ജനകാ-വിമലാ-കഴൽതേ-ഗതിമേ-ഭാഗ്യം.

3. ദീനർക്കു സ്നേഹിതനെ-മാനവപൂജിതനെ
ധന്യനാംനീതിമാനെ-സതതം-സഫലം-വിജയം-തരിക. ദിവ്യ.

## നോമ്പുകാലം.

ക്രിസ്തുവിന്റെ ഉയിർപ്പിനുമുമ്പുള്ള നോമ്പുകാലാചരണം നാലാം നൂററാണ്ടുമുതൽ പ്രചാരത്തിലിരിക്കുന്നതാണ്. ഈ വിശുദ്ധ കാലം ഇതിനു വളരെമുമ്പുപോലും ആചരിച്ചിരുന്നതായി ലക്ഷ്യങ്ങളുണ്ട്.



ദിവ്യരക്ഷകൻ നമ്മുടെ അനുകരണത്തിനായി തന്റെ ജീവിതകാലത്തു ഉപവാസവും ഏകാന്തവും പ്രാൎത്ഥനയും അനുഷ്ഠിച്ചതുപോലെ പഴയനിയമത്തിൽ അനേക മഹാത്മാക്കൾ, പ്രത്യേകിച്ചു മൂശയും ഏലിയാസും പ്രായശ്ചിത്തവും നോമ്പും എടുത്തിട്ടുണ്ടു്. മിശിഹായുടെ പുരോഗാമിയായ സ്നാപകയോഹന്നാൻ തന്റെ പ്രേഷിതജോലിയുടെ ആരംഭത്തിൽ മരുഭൂമിയിൽ പോയി പ്രായശ്ചിത്തവും പ്രാൎത്ഥനയുംകൊണ്ടു ഒരുങ്ങിയതായി നാം അറിയുന്നു. മിശിഹാ അവിടുത്തെ പരസ്യജീവിതത്തിന്റെ ആരംഭഘട്ടത്തിൽ നാല്പതു പകലും നാല്പതു രാവും ഉപവസിച്ചു. തിരുസഭയിലെ വലിയ വിശുദ്ധന്മാർ തങ്ങളുടെ ദിവ്യഗുരുവിന്റെ സന്മാതൃക അനുസരിച്ചു പ്രാൎത്ഥനയും പരിത്യാഗവും വഴിയായി പുണ്യപദം പ്രാപിച്ചു.

വലിയ ഗ്രിഗോരിയോസ് മാപ്പാപ്പായുടെ കാലംമുതല്ക്കാണു് വിഭൂതിബുധനാഴ്ചയിലെ ആചാരം ആരംഭിച്ചതു്. അന്നുകാലത്തു അനുതാപികൾ പാപസങ്കീൎത്തനംചെയ്യുകയും വലിയ പാപങ്ങൾക്കു പ്രായശ്ചിത്തമായി ഭസ്മം തൂളിയ ഒരു രോമത്തുണി തോളിൽ ധരിക്കുകയും ചെയ്തിരുന്നു. ആശ്രമഭിത്തികൾക്കകത്തുള്ള വിശുദ്ധ നിശബ്ദതയിൽ ഈ നാല്പതു ദിവസവും തപസ്സുചെയ്യുന്നതിനായി അവരെ പലപ്പോഴും ആശ്രമങ്ങളിലേക്കു അയയ്ക്കാറുണ്ടായിരുന്നു. ഇങ്ങിനെയാണു് നോമ്പുകാലത്തിന്റെ

ഉത്ഭവം. ക്രമേണ ഉപവാസത്തിന്റെയും പ്രായശ്ചിത്തത്തിന്റെയും കാഠിന്യം കുറച്ചുതുടങ്ങി. വി. ഗ്രീഗോറിയോസ് ഇംഗ്ലണ്ടിലെ വി. ആഗുസ്തീനോസിന് ഇപ്രകാരം എഴുതിയിരിക്കുന്നു: "ഞങ്ങൾ മത്സ്യവും മാംസവും മൊട്ട പാൽ വെണ്ണ മുതലായവും പരിത്യജിക്കുന്നു." നോമ്പുകാലത്തു മൊട്ട ഉപേക്ഷിക്കുന്നതിൽനിന്നുത്ഭവിച്ചിട്ടുള്ളതാണ് ഉയിർപ്പു ദിവസം മുട്ട സമ്മാനിക്കുന്ന പതിവു.

മദ്ധ്യയുഗങ്ങളുടെ ആരംഭത്തിൽ എല്ലാ ഇടദിവസങ്ങളും ഉപവാസദിനങ്ങളായിരുന്നു. വൈകുന്നേരം ഒരു ഭക്ഷണം മാത്രമേ അന്നു അനുവദിക്കപ്പെട്ടിരിന്നൊള്ളു. എന്നാൽ പതിമൂന്നാം നൂററാണ്ടിന്റെ ഉത്തരാർദ്ധത്തിൽ ഉച്ചക്കു ഒരു ഭക്ഷണം അനുവദിക്കപ്പെട്ടു. കഠിനജോലികൾ ചെയ്യുന്നവർക്കു കാലത്തു ഒരു ലഘു ഭക്ഷണം കഴിപ്പാനും അനുവാദമുണ്ടായിരുന്നു.

ഇങ്ങിനെ കാലാവസ്ഥകളനുസരിച്ചു ക്രമപ്പെടുത്തിയിട്ടുള്ളതാണ് നമ്മുടെ ഇപ്പോഴത്തെ നോമ്പുകാലം.

നോമ്പുനോക്കുന്നതിനു കടമുള്ളവരെല്ലാവരും തിരുസ്സഭയുടെ നിയമമനുസരിച്ചു പ്രവർത്തിക്കുന്നതുകൊണ്ടു ആത്മാവിനു ശക്തിയും പ്രസാദവരവും ശരീരത്തിനു ആരോഗ്യവും ലാഘവവും ലഭിക്കുന്നു.

നോമ്പുനോക്കുവാൻ നിർവ്വാഹമില്ലാത്തവർ കൂടുതൽ പ്രാർത്ഥിച്ചുകൊണ്ടും ദിവ്യപൂജയിൽ സംബന്ധിച്ചുകൊണ്ടും വി. കുർബ്ബാന സ്വീകരിച്ചുകൊണ്ടും ആ പോരായ്മയെ തീർക്കേണ്ടതാണ്.

ഇതുപോലെതന്നെ നോമ്പുകാലം നമ്മുടെ കർത്താവിന്റെ കഷ്ടാനുഭവത്തേയും കുരിശുമരണത്തേയുംപററി ധ്യാനിക്കാനുള്ള സമയമാകുന്നു. ഗെത്സേമിനി തോട്ടത്തിലെ പീഡാനുഭവം, അന്യായമായ ഒററും വിചാരണയും വിധിയും, ഭയങ്കരമായ ചമ്മട്ടിയടി, കുരിശുംവഹിച്ചുകൊണ്ടു കാൽവരിമലമുകളിലേയ്ക്കുള്ള യാത്ര, മൂന്നു മണിക്കൂർ നേരത്തെ മരണവേദന തുടങ്ങിയുള്ള വിഷയങ്ങളെക്കുറിച്ചുള്ള ധ്യാനം നമ്മുടെ ആത്മാവിൽ പാപത്തോടു അറപ്പും വെറുപ്പുമുണ്ടാക്കുന്നതാണ്. ഹൃദയപൂർവ്വമുള്ള മന

സ്താപം നമ്മുടെ പാപങ്ങൾക്കു പൊരുതിയും ഉപവാസം നമ്മുടെ ശരീരത്തിനു ശുദ്ധിയും നൽകുകയും ദൈവത്തിൻെറ അനന്തസ്നേഹം നമ്മിൽ അനുഗ്രഹം വർഷിക്കുകയും ചെയ്യുമാറാകട്ടേ.

# ഓക്സ്ഫോഡ് പ്രസ്ഥാനം.

(ചരിത്രജ്ഞൻ.)

## III

കത്തോലിക്കസഭ ഭൂഗർഭാലയങ്ങളിൽനിന്നു് പുറത്തിറങ്ങിയിട്ടു അധികം കാലമായില്ല. വിശ്വാസദീപ്തി ഇപ്പോഴും ഉജ്ജ്വലത്തായി പ്രകാശിക്കുന്നു. ചിരകാലം അവൾ സഹിച്ച രക്തസാക്ഷിത്വത്തിൻെറ കിരീടമാകുന്ന ക്ഷതങ്ങൾ അങ്ങിങ്ങായി അവളുടെ മനോഹരഗാത്രത്തിൽ രത്നഖചിതങ്ങളായി തിളങ്ങിവിളങ്ങുന്നു. 1829-ൽ കത്തോലിക്കർക്ക് സ്വാതന്ത്ര്യം ലഭിക്കുന്ന "എമാൻസിപ്പേഷ്യൻ" നിയമം പാസ്സായി. എന്നാൽ, ആ നിയമം പൂർണ്ണമനസ്സാലെയല്ല പാസ്സാക്കപ്പെട്ടതു. ഇംഗ്ലണ്ടിലെ കത്തോലിക്കർ വിസ്മൃതവും അഗണ്യവുമായ സ്ഥിതിയിലായിരുന്നതിനാൽഅധികൃതന്മാർ അവരോടു യാതോരു അനുഭാവവും പ്രദർശിപ്പിച്ചിരുന്നില്ല. പ്രോട്ടസ്റ്റാൻറുകാരുടെ ഇഷ്ടത്തിനു് അധികാരസ്ഥാനങ്ങളിൽനിന്നു അധർമ്മമായി മർദ്ദിക്കപ്പെട്ടു. ശേഷിച്ചിരുന്ന കത്തോലിക്കർ സമുദായത്തിലെ ഏററവും താഴ്ന്ന പടിയിലേക്കു നിപതിക്കപ്പെട്ടു. സർവ്വകലാശാല വിദ്യാഭ്യാസത്തിനുള്ള സൌകര്യങ്ങൾ നല്കപ്പെടാതെയും കാലോചിതമായ അഭ്യസനം തങ്ങളുടെ സ്വന്ത വിദ്യാലയങ്ങളിൽ ലഭ്യമാകാതേയും പൊതുകാര്യങ്ങളിലും രാഷ്ട്രീയസംഗതികളിലും അജ്ഞന്മാരായിത്തന്നെ കാലംകഴിച്ചുകൂട്ടേണ്ടതായിവന്നു.

ഇപ്രകാരം സമുദായ സേവനത്തിനും വിജ്ഞാനസമ്പാദനത്തിനും അനർഹന്മാരായി ജീവിച്ചിരുന്ന ഇവർക്കു് വേറൊരു അ

ത്സാഹിതവും കൂടിനേരിട്ടു. ഈ കത്തോലിക്കരുടെ നിവാസസ്ഥലങ്ങൾ പ്രോട്ടസ്റ്റാൻറ്കാരുടെ വസതികളാൽ വലയംചെയ്യപ്പെട്ടിരുന്നു. ഇവർ കത്തോലിക്കരുടെ ബദ്ധശത്രുക്കളും കത്തോലിക്കആചാരങ്ങളെയും നടപടികളെയും ജുഗുപ്സാവഹമായി ഗണിച്ചിരുന്നവരും അകത്തോലിക്ക പാരമ്പര്യങ്ങളിൽ അഗാധമായി മുഴുകിയിരുന്നവരുമായിരുന്നു. ഇക്കാരണത്താൽ അപഹാസപാത്രമായിമാത്രം ഗണിക്കപ്പെട്ടിരുന്ന കത്തോലിക്കർക്ക് നീതിയുടെ പ്രാഥമികാവകാശങ്ങൾ പോലും പ്രതിരോധിക്കപ്പെട്ടിരുന്നു.

എന്നാൽ,ഇപ്പോഴാകട്ടെ നിന്ദിക്കപ്പെടുന്നതിനോ വിസ്മരിക്കപ്പെടുന്നതിനൊ നിർവ്വാഹമില്ലാത്ത അനേകർ കത്തോലിക്കരിൽ തന്നെ ഉണ്ടായിട്ടുണ്ടു. പ്രോട്ടസ്റ്റാൻറ് വിജ്ഞാനവും പരിഷ്കാരവും മതതീക്ഷ്ണതയും അവർ കത്തോലിക്കസഭാസേവനാർത്ഥം വിനിയോഗിച്ചു. പ്രോട്ടസ്റ്റാൻറുകാരുടെ മനസ്ഥിതി എങ്ങനെയായിരുന്നുവെന്നും കത്തോലിക്കർക്കെതിരായി അവർ എന്തെല്ലാം പ്രാതികൂല്യങ്ങൾ ചെയ്തിരുന്നെന്നും അവരുടെ വിജയലബ്ധിക്കുള്ള കാരണങ്ങൾ ഏവയെന്നും നല്ലവണ്ണംപഠിച്ചിരുന്നു. പൊതുജനശ്രദ്ധയെ സമ്യക്കായി ആകർഷിക്കത്തക്ക ഭാഷയിൽ എഴുതുന്നതിനും പ്രസംഗിക്കുന്നതിനും അവർക്ക് യത്നംവിനാ സാധിക്കുമായിരുന്നു. കത്തോലിക്കമതപ്രചരണത്തിനും പരിശ്രമങ്ങൾക്കുംവേണ്ടി അവർ ഈ പദ്ധതികൾ രൂപവല്ക്കരിക്കയും,അതുവഴി കഴിയുന്നത്ര ശ്രമിക്കയുംചെയ്തു. പ്രോട്ടസ്റ്റാൻറ്കാരുടെ അനുകമ്പയെ അപേക്ഷിക്കയൊ, ആശ്രയിക്കയൊ ചെയ്യാതെ ഒരു യഥാർത്ഥ ആംഗ്ലേയ പൌരനും കത്തോലിക്കനുമെന്നനിലയിൽ തങ്ങൾക്കു കിട്ടേണ്ട അവകാശങ്ങളെപ്പററി ബലമായി വാദിച്ചു.

ന്യൂമാൻ ഹൈച്ചേർച്ച് പ്രസ്ഥാനത്തിൻെറ കുഴപ്പങ്ങളെ വിശദീകരിച്ചു കാണിച്ചിട്ടുള്ള നിന്ദാസ്തുതി അലങ്കാരം അവർക്ക് ഏറ്റതാണ്ടു മനസ്സിലായി. എലിസബത്തിൻെറ ഭരണകാലംമുതൽ ആംഗ്ലേയജനാവലിയുടെ ശുഭ്രമനസ്സിനെ മലീമസമാക്കിച്ചെയ്തു. പ്രോട്ടസ്റ്റാൻറുകാർ തങ്ങളുടെ തത്വങ്ങളെ പാലിക്കുന്നതിനുപ

യോഗിച്ച വ്യാജപ്രസ്താവനകളുടെ ആബദ്ധ്യത്തെയും അടിസ്ഥാനരാഹിത്യത്തെയും അത്ഭുതസ്ഫടികസമാനം അദ്ദേഹം പ്രകാശിപ്പിച്ചു. മതസ്ഥിരീകരണാൎത്ഥം വിരചിതമായ ഗ്രന്ഥങ്ങൾ മഹാസൂൎയ്യപ്രകാശംപോലെ കത്തോലിക്കസഭ എന്തെന്ന് ജനവ്യൂഹത്തിന്ന് വെളിപ്പെടുത്തി.

കാർഡിനൽ മാന്നിങ്ങ് തൻെറ അന്യാദൃശമായ ഔൽസുക്യവും അപ്രതിഹതമായ മനക്കരുത്തുംകൊണ്ടു കാർഡിനൽ വൈസ്മാൻ ആരംഭിച്ചിരുന്ന അടിസ്ഥാനത്തിൽ പടുത്തു മഞ്ജുളമായ ഒരു മണിസൌധം നിൎമ്മിച്ചു. രാഷ്ട്രീയ ഭരണധുരന്ധരന്മാരോടു സൎവ്വപ്രകാരേണയും കിടപിടിക്കുന്നവനും തൻെറ അജഗണങ്ങളോടൊന്നിച്ചു സൎവ്വദാ വസിച്ചിരുന്നവനുമായ ഒരുത്തമരാജ്യതന്ത്രജ്ഞനായിരുന്നു അദ്ദേഹം. അദ്ദേഹം ചെയ്തിട്ടുള്ള അതീവയത്നങ്ങളിൽ പ്രഥമസ്ഥാനത്തെ അൎഹിക്കുന്നതു നില്ധനരായ കത്തോലിക്കകുട്ടികൾക്ക് വിദ്യാഭ്യാസം പ്രദാനം ചെയ്യുവാൻ വേണ്ടസജ്ജീകരണങ്ങൾ ചെയ്യുകയെന്നതായിരുന്നു- ഏതൽകാൎയ്യാൎത്ഥംതന്നെയാണ് വെസ്റ്റമിനിസ്റ്റർ ഭദ്രാസന ദേവാലയത്തിൻെറ പണി തല്ക്കാലം നീട്ടിവെച്ചതു്. കത്തോലിക്കവിദ്യാൎത്ഥികൾക്കായി ആയുഷ്കാലംമുഴുവനും അത്യാന്തപരിശ്രമം ചെയ്ത ആല്ലീസ് അവർകൾ ഇക്കാൎയ്യത്തിൽ അദ്ദേഹത്തെ അത്യുത്സാഹത്തോടെ സഹായിച്ചിട്ടുണ്ടു. കൂടാതെ, അഭിനവകത്തോലിക്കമതാനുസാരികളിൽ വിദഗ്ദ്ധന്മാരായ അനേകർ തങ്ങളുടെ സ്വാധീനശക്തിയുക്ക് വിധേയമാകുന്നതു കത്തോലിക്കസഭക്ക്വേണ്ടി അക്ഷീണം യത്നിച്ചിട്ടുണ്ടു. കിംബഹുനാ, സഭയുടെ ആന്തരികചൈതന്യത്തിൽ പരിശുദ്ധതയുടെ പരിപൂൎണ്ണതയാൽ ഉണ്ടാക്കിത്തീൎത്ത അഗോചരധാൎമ്മികശക്തി എന്മാത്രം!

ഓക്സ്ഫോർഡു് പ്രസ്ഥാനത്തിനു് അന്നുണ്ടായിരുന്ന വൈഷമ്യത്തിന്നു് മതപ്രശ്നങ്ങളോടു് ദൃഢബന്ധമുണ്ടായിരുന്നു. വ്യത്യസ്തവും അതേസമയംതന്നെ കൂടുതൽ അനുബന്ധിച്ചിരുന്നതുമായ കത്തോലിക്ക മതഗ്രന്ഥകൎത്താക്കളിലും അവരുടെ ഗ്രന്ഥപരമ്പരകളിലും വിദ്യാഭ്യാസത്തിലും സാഹിത്യത്തിലും പ്രത്യക്ഷ

മായ സ്വാധീനശക്തി അവർ പ്രയോഗിച്ചിരുന്നു.

മതതത്വങ്ങളെ അധികരിച്ചു് രചിച്ചിട്ടുള്ള ഗ്രന്ഥങ്ങൾ ദൈവശാസ്ത്രത്തിലെ സൈനികവകപ്പാകുന്നു. അതു വിശ്വാസദുർഗ്ഗങ്ങളുടെ പ്രവേശദ്വാരങ്ങളെ പരിരക്ഷിക്കുകയും, ഈശ്വരാസ്തിക്യത്തെയും കത്തോലിക്ക മതത്തെയും സംബന്ധിച്ചുള്ള എതൃവാദമുഖങ്ങളെ യുക്തിയുക്തം ഖണ്ഡിക്കയും ചെയ്യുന്നു. ഒരു സൈനികനേതാവു് സർവ്വദാ തൻെറ ഭടന്മാരെ യുദ്ധത്തിൽ വിജയലബ്ധിക്കനുകൂലമായ സ്ഥലങ്ങളിൽ അണിനിരത്തുകയും ശത്രുക്കളുടെ ഓരോ ആക്രമണങ്ങളെയും ശിഥിലീഭവിപ്പിക്കുന്നതിനു തയ്യാറായിരിക്കയും വേണം. അപ്രകാരം ഈ മതഗ്രന്ഥങ്ങളും ശത്രുക്കളുടെ ആക്രമണമാർഗ്ഗങ്ങളെ മനസ്സിലാക്കി പ്രതിരോധകായുധങ്ങളെ സൃഷ്ടിക്കയും പഴയസമ്പ്രദായത്തെ നവീകരിക്കയും അക്കാലത്തിലെ ചിന്താഗതിക്കനുസൃതമായി നൂതനപദ്ധതികൾ അംഗീകരിക്കയും ചെയ്യേണ്ടതത്യാവശ്യമായിരുന്നു.

അചഞ്ചലവും പുരാതനവുമായ വിശ്വാസസത്യങ്ങളെ മുറുകെ പിടിച്ചിരിക്കുന്ന ഒരുവന് ആധുനികശാസ്ത്രകണ്ടുപിടിത്തങ്ങളോടു് എപ്രകാരം അനുഭാവം പ്രദർശിപ്പിക്കാൻസാധിക്കും? തത്വശാസ്ത്രജ്ഞന്മാരും സാധാരണ പൌരന്മാരും ഒരുപോലെ തല കുലുക്കി സമ്മതിക്കുന്ന വിശ്വാസസത്യങ്ങളുടെ എന്തു അടിസ്ഥാനം കാണിക്കുവാൻ കഴിയും? പ്രകൃത്യതീതമായ ഒരു വെളിപാടുണ്ടെന്നുസമ്മതിച്ചാൽതന്നെയും ആധുനിക ചരിത്രാന്വേഷകന്മാരുടെ ഗവേഷണങ്ങളിൽനിന്നു ഇപ്പോഴത്തെ കത്തോലിക്കമതം അതിൻെറ മൌലികസ്ഥാപനത്തോടു് സാമ്യമുള്ളതെന്നു എങ്ങനെ തീർച്ചപ്പെടുത്തും? ഇവയായിരുന്നു അവരുടെ പ്രശ്നങ്ങൾ.

പൌരാണികരുടെ ശാസ്ത്രോക്തികൾ ഈ വിഷമപ്രശ്നങ്ങളെ ഖണ്ഡിച്ചു് അജ്ഞേയവാദത്തിൻെറ പ്രേഷിതന്മാരിൽനിന്നു വമിക്കുന്ന വിഷധൂമത്തിനു പററിയതായ മറുമരുന്നു പ്രയോഗം നടത്തുന്നതിനു അശക്തരായിരുന്നു. ആധുനിക ചിന്തകന്മാർ ഈ ശാസ്ത്രോക്തികളെ വികസിപ്പിക്കേണ്ടതത്യാവ

ശ്ര്യംതന്നെ. കത്തോലിക്കമതത്തിൻെറ മൌലികാധാരങ്ങളെ ക്രലങ്കഷമായി പര്യവേഷണംചെയ്തു ലളിതമായ മാതൃഭാഷയിൽ പ്രതിപാദിക്കുന്ന ഗ്രന്ഥങ്ങളെ അവർ രചിച്ചു. കാലാനുയുക്തമായ ഏതാനും ചില വേഷവ്യത്യാസങ്ങളും വരുത്തേണ്ടിവന്നു.

# കത്തോലിക്കസഭ.

വെരി റവ. ഫാദർ ജോൺ ബെക്ക്മാൻസ് സി. ഡി.

## 5. സഭാസ്ഥാപനം.

പ്രസ്തുത അഭിധാനത്തിൽ ഇതുവരെ പ്രസിദ്ധീകരിച്ചിട്ടുള്ള ലേഖനങ്ങളിൽനിന്നു സഭാസ്ഥാപകനായ മിശിഹാനാഥൻെറ ദൈവത്വം അനിഷേധ്യമായി തെളിയിച്ചിട്ടുണ്ട്. അവിടുത്തെ അമാനുഷികമായ ജീവിതവിശുദ്ധിയും, സ്വർഗ്ഗീയ തത്വങ്ങളുടെ ശ്രേഷ്ഠതയും, അത്ഭുതപ്രവൃത്തികളുടെ മാഹാത്മ്യവും, ഇവയിൽനിന്നുളവായിട്ടുള്ള ലോകോദ്ധാരണവും ചരിത്രദൃഷ്ട്യാ പരാമർശിക്കുന്ന ഏതൊരുത്തനും മിശിഹായെ ദൈവപുരുഷനായി അനുസരിക്കാതെ ഗത്യന്തരമില്ല. ഇതിനെക്കാൾ സ്വീകാര്യമായി ഒരു ചരിത്രസംഭവമൊ താത്വിക പ്രബോധനമൊ രേഖകൾകൊണ്ടോ യുക്തിവാദംകൊണ്ടോ സാധൂകരിപ്പാൻ ആർക്കും സാധിക്കുന്നതല്ല. ഇതിനാൽ വേദവിരോധിയായ റെനാൻ (Renan) കൂടെയും, "സുവിശേഷങ്ങളിലെ കഥാപാത്രമായ മിശിഹാ ദൈവത്തിൻെറ ഏററം ആകർഷണീയരൂപത്തിലുള്ള സുന്ദരമായ അവതാരമാകുന്നു" എന്നു സാക്ഷിച്ചിരിക്കുന്നു. വേറൊരു മതവിദ്വേഷിയായ റിസ്സോ (J. J. Rousseau) ഇപ്രകാരം പ്രതിപാദിക്കുന്നു. "സൊക്രട്ടസിൻെറ മരണം ഒരു തത്വജ്ഞൻെറതാണെങ്കിൽ ഈശോയുടെ ജീവിതവും മരണവും ഒരു ദൈവത്തിൻെറതത്രെ."

കോടീശ്വരന്മാരിൽ അഗ്രഗണ്യനായി അടുത്ത കാലത്തു ലോകപ്രസിദ്ധി സമ്പാദിച്ച പീയർപ്പോണ്ട മോർഗനെ (P. Morgan) പ്പററി കേട്ടിട്ടില്ലാത്തവർ ചുരുക്കമാണ്. അദ്ദേഹം തന്റെ മരണശാസനത്തിൽ 'മിശിഹാ ദൈവത്തിന്റെ അവതാരമാകുന്നുഎന്നു ഞാൻ വിശ്വസിക്കുന്നു,' എന്നു അനുസരിച്ചു പറയുന്നു. അതെ, മിശിഹാ ദൈവമല്ലെങ്കിൽ മറെറാന്നുമായിരിപ്പാൻ തരമില്ല. മറിയത്തിന്റെ കന്യകാമാതൃത്വംതുടങ്ങി ഈശോയുടെ സ്വർഗ്ഗാരോഹണംവരെയുള്ള ഏററം സ്വീകാര്യമായ സുവിശേഷചരിത്രം മുഴുവനും നിരത്ഥകമായി പരിണമിക്കയും ചെയ്യും.

ദൈവപുത്രനായ മിശിഹാ ലോകത്തിൽ ആഗതനായതു പാപം നിമിത്തം മനുഷ്യനു നഷ്ടീഭവിച്ച നിത്യഭാഗ്യം പുനസ്ഥാപിക്കുന്നതിനുവേണ്ടിയാകുന്നു. "ഞാൻ വന്നിരിക്കുന്നതു അവൎക്കു രക്ഷയുണ്ടാകുന്നതിനും അതു സമൃദ്ധിയായി ഉണ്ടാകുന്നതിനും വേണ്ടിയാകുന്നു." (യോഹ. ൧൦. ൧൦.)

കുരിശുമരത്തിന്മേൽ പരിത്രാതാവു സമൎപ്പിച്ച ആത്മബലിവഴിയായി പ്രസ്തുത ഉദ്ദേശം നിവൎത്തിച്ചതുകൊണ്ടുമാത്രം തൃപ്തനാകാതെ, ഭൂമിയുടെ പൎയ്യന്തങ്ങൾവരെയുള്ള എല്ലാ മനുഷ്യൎക്കും കാലത്തിന്റെ അവസാനംവരെ പ്രസ്തുത രക്ഷണീയ ഫലങ്ങൾ വിതരണംചെയ്യുന്നതിനും ദൈവാനുഭവത്തിൽനിന്നുളവാകുന്ന നിത്യായുസ്സിലേക്കു അവരെ ആനയിക്കുന്നതിനുമായി അവിടുന്നു ഒരു സഭയെ സ്ഥാപിച്ചു. ഈശോമിശിഹാ വി. പത്രോസിനോടു ഇപ്രകാരം പറയുന്നു: "യോനായുടെ പുത്രനായ ശെമോനേ, നീ ഭാഗ്യവാനാകുന്നു....ഞാൻ നിന്നോടു പറയുന്നു: നീ പാറയാകുന്നു. ഈ പാറയുടെമേൽ ഞാൻ എന്റെ പള്ളി പണിയും. നരകവാതിലുകൾ അതിനെ കീഴ്പ്പെടുത്തുകയില്ല. ഞാൻ നിനക്കു സ്വർഗ്ഗരാജ്യത്തിന്റെ താക്കോലുകൾ തരും. നീ ഭൂമിയിൽ ബന്ധിക്കുന്നതൊക്കെയും സ്വർഗ്ഗത്തിലും ബന്ധിക്കപ്പെട്ടിരിക്കും, നീ ഭൂമിയിൽ അഴിക്കുന്നതൊക്കെയും സ്വർഗ്ഗത്തിലും അഴിക്കപ്പെട്ടിരിക്കും." (വി. മത്താ. ൧൬, ൧൭-൧൯) വീണ്ടും അവിടുത്തെ സ്വ

ഗ്ഗാരോഹണത്തിനുമുമ്പായി പത്രോസിനോടു ഒരുമിച്ചു സന്നിഹിതരായിരുന്ന പ്രേഷിതസംഘത്തോടു ദൈവപുത്രൻ അവിടുത്തെ അന്തിമശാസനം നല്കിയതു ഇപ്രകാരമാണ്. "പിതാവു എന്നെ അയച്ചതുപോലെ, ഞാനും നിങ്ങളെ അയക്കുന്നു; സ്വർഗ്ഗത്തിലും ഭൂമിയിലും സകല അധികാരങ്ങളും എനിക്കു നല്കപ്പെട്ടിരിക്കുന്നു. ആകയാൽ നിങ്ങൾ ഭൂമിയിലെങ്ങുംപോയി എല്ലാ സൃഷ്ടികളോടും സുവിശേഷം പ്രസംഗിപ്പിൻ. നിങ്ങൾ എല്ലാ ജാതികളെയും പഠിപ്പിക്കയും ബാവായുടെയും പുത്രൻെറയും റൂഹാദക്കുദശായുടെയും നാമത്തിൽ ജ്ഞാനസ്നാനപ്പെടുത്തുകയും ചെയ്യുവിൻ. വിശ്വസിച്ചു ജ്ഞാനസ്നാനം സ്വീകരിക്കുന്നവൻ രക്ഷ പ്രാപിക്കും. കണ്ടാലും, ഞാൻ ലോകത്തിൻെറ അവസാനം വരെ എല്ലാദിവസവും നിങ്ങളോടുകൂടി ഉണ്ടായിരിക്കും." (യോഹ. ൨.൦, മത്താ. ൨.൮, മക്കോ. ൧൬ )

ഈ വാക്യങ്ങൾ ദൈവപുത്രൻ ഒരു സഭ സ്ഥാപിച്ചിട്ടുണ്ടെന്നു ലോകസമക്ഷം വിളിച്ചുപറയുന്നു. അവിടുന്നു സഭയ്ക്കു നല്കിയിട്ടുള്ള ദൈവിക തീട്ടൂരവും അധികാരപത്രവും ഇതിനെക്കാൾ ഖണ്ഡിതമായി വിളംബരംചെയ്യുവാൻ സാദ്ധ്യമല്ല.

മിശിഹായുടെ സഭ ഭൂമുഖത്തുള്ള ഇതര സ്ഥാപനങ്ങളെക്കാൾ ഉന്നതവും ഉൽകൃഷ്ടവുമാകുന്നു. അതു ലൌകികമായ ഒരു സംരംഭമല്ല; സ്വർഗ്ഗീയമായതത്രെ. എന്തുകൊണ്ടെന്നാൽ അതിൻെറ ഉത്ഭവവും, ഉദ്ദേശവും, ഉപകരണങ്ങളും ദൈവികമാകുന്നു. ദൈവാധികാരത്താൽ സ്ഥാപിതമായ സഭ ദൈവവരപ്രസാദം വിതരണംചെയ്തുകൊണ്ടു മനുഷ്യരെ ദൈവത്തിൻപക്കൽ സമപ്പിക്കുന്നു. മിശിഹായുടെ പ്രേഷിതോദ്ദേശംതന്നെയാണ് സഭയ്ക്കു അവിടുന്നു നല്കിയിട്ടുള്ളതു. ഒന്നു മറെറാന്നിൻെറ തുടച്ചയാകുന്നു. മിശിഹാ സഭവഴിയായി അവിടുത്തെ പ്രേഷിതജോലി ലോകാവസാനംവരെ നിവ്വഹിക്കുന്നു.

മിശിഹായുടെ വിധികളനുസരിച്ചു, പാറയെന്നു വിവക്ഷിക്കപ്പെടുന്ന പത്രോസിൻെറ അടിസ്ഥാനത്തിന്മേൽ സഭ കെട്ടിപ്പണിയപ്പെട്ടിരിക്കുവാൻ ആവശ്യമാകുന്നു. ശ്ലീഹന്മാരും, അവരു

ടെ അനന്തരഗാമികളും, സഭയുടെ ഉപദേഷ്ടാക്കളും, വിശ്വസിച്ചു ജ്ഞാനസ്നാനപ്പെട്ടന്നവരും അതിന്റെ അംഗങ്ങളായി ഗണിക്കപ്പെടുന്നു. ശ്ലീഹന്മാരുടെ ഉപദേശങ്ങൾ സ്വീകരിച്ചു സഭയുടെ അംഗമായിച്ചേരുവാൻ എല്ലാമനുഷ്യർക്കും കടമുണ്ട്. ഈ സഭയിൽ പ്രവേശിക്കുവാൻ യാതൊരുത്തൻ മനഃപൂർവ്വം നിഷേധിക്കുന്നെങ്കിൽ അവൻ നിത്യരക്ഷ പ്രാപിക്കയില്ല. ഇതിൽനിന്നു ദൈവത്തെ അനുസരിച്ചു ആരാധിക്കാത്ത നിരീശ്വരവാദികൾ മാത്രമല്ല, എല്ലാ വേദവും സത്യമാണെന്നും ദൈവത്തിനു ഒരുപോലെ പ്രസാദകരമാണെന്നും ശഠിക്കുന്ന നിഷ്പക്ഷവാദികളും എത്ര ഭീമമായ അബദ്ധത്തിൽ ഉൾപ്പെട്ടിരിക്കുന്നെന്നും തെളിയിക്കുന്നു. അതുപോലെതന്നെ മിശിഹായുടെ സഭയെന്നു സ്വയം വാദിക്കുന്ന ഏതു ഗണത്തിലും നിത്യരക്ഷ സുഭദ്രമാണെന്നു വാദിക്കുന്നതും അർത്ഥശൂന്യമാണ്. ഇന്നു നമ്മുടെ ചുറ്റും മിശിഹായുടെ സഭയെന്നു സ്വയം ഘോഷിക്കുന്ന വിഭിന്ന ക്രിസ്തീയ സഭകളിൽനിന്നു മിശിഹായുടെ സത്യസഭ ഏതെന്നു പരിശോധിച്ചറികയും അതിന്റെ അംഗങ്ങളായി ജീവിച്ചു നിത്യരക്ഷ നിവർത്തിക്കയും ചെയ്യേണ്ടതു എല്ലാ മനുഷ്യരുടെയും സർവ്വപ്രധാനമായ കർത്തവ്യകർമ്മമാകുന്നു.

# "ശത്രുക്കളെ സ്നേഹിപ്പിൻ!"

(ശ്രീമാൻ ജോസഫ് പള്ളിപ്പാടൻ, ഇടപ്പള്ളി.)

1. ഒരുത്തനിങ്ങന്യനശത്രുവായാ—
ലെതിർപ്പതേ; തമ്മിലതീവഘോരം
തിരുത്തിതിൽ ദുസ്സഹമെങ്കിലും നാം
ക്ഷിതിക്കുതുല്യം ക്ഷമകാത്തിടേണം

2. മഹേശവിശ്വാസമതുംവിശേഷ—
പ്രബുദ്ധമാം ബോധമതും മനസ്സിൽ
കരുത്തൊടില്ലായ്കയതൊന്നുമാത്രം
വരുത്തിടുന്നീ ദുരിതംജഗത്തിൽ.

3. പരക്കു നാം വൈരമിയററിടാതി—
ങ്ങനർത്ഥഹേതുക്കളിലുററുകാത്തും
തുണയ്ക്കണം നാം കഴിയുംവിധത്തിൽ
മഹത്തമം കൃത്യമിതോർത്തിടേണം.

4. അരാതിയെക്കണ്ടൊളിവായ് മറഞ്ഞും
നിതാന്തവും ശത്രുതയും പുലർത്തി
കടുത്ത പാമ്പിന്നുസമം വസിക്കു-
ന്നതേററവും മൗഢ്യമറിഞ്ഞിടേണം.

5. ശരിക്കിതേശസ്തുസുധർമ്മസാരം
സുമാതൃകാപൂർവ്വമിഹത്തി'ലേശു'
കൃപാമനസ്സാർന്നരുളീടിനോരാ-
സ്സുഭാഷിതങ്ങൾ മഹനീയമല്ലോ!

6. ഒരന്ധനക്രൂശിത'നേതൃ'തന്നെ-
ത്തരത്തിൽ വൻകുന്തമെടുത്തു കുത്തി
ക്ഷതത്തിൽനിന്നിററു നിണം തെറിച്ചു-
ന്നവൻെറ കണ്ണിൽ പ്രഭയങ്കുരിച്ചു.

7. വിശുദ്ധ കന്നത്തപരൻ ചൊടിച്ച-
ങ്ങടിച്ചനേരത്തെതിർകന്നാവും താൻ
അവന്നു നേർക്കങ്ങു തിരിച്ചുകാണി-
ച്ചടിച്ചിടാനാജ്ഞ കൊടുത്തു 'ക്രിസ്തു'.

8. പലേവിധോപദ്രവമേകിയോരാ-
പ്പരക്കുവേണ്ടിപ്പരനോടു പാരം
ക്ഷമാപണംചെയ്തിതുദാരശീലൻ
ക്ഷമാബ്ധി, ലോകപ്രിയ'നേതൃനാഥൻ.'

9. ശ്ലീഹാപ്രമാണി, പരിശുദ്ധ പത്രോസ്,
നിജാത്മനാഥൻ 'മിശിഹാ'യെ മുന്നം
വെടിഞ്ഞിതെന്നാകിലുമാവിശുദ്ധ-
ന്നാജൻ കനിഞ്ഞേകി, സഭാധിപത്യം.

10. പ്രതിക്രിയോപദ്രവമത്സരേത്യാ-
ദ്യതിക്രമം ദോഷമകററിടാനായ്
തെളിഞ്ഞ ദൃഷ്ടാന്തമിദം സുരേശൻ
പ്രവൃത്തിയാലേ തെളിവാക്കിയില്ലേ ?

11. നമുക്കെഴും വൈരികളോടു നിത്യം
കളങ്കഹീനം പ്രിയമാചരിച്ചാൽ
അവക്കു വൈരം തകരുന്നശേഷം
തമസ്സിനൻ തന്നുദയത്തിലുണ്ടോ ?

12. വിരോധമാം ക്രൂരിരുളിൽ പ്രിയപ്പൊൻ-
വിളക്കു വയ്ക്കുന്നതിലത്ഥമുണ്ട്
ഇരുട്ടിലല്ലാതെ വിളക്കിനുള്ളാ-
പ്രഭയ്ക്കു മാഹാത്മ്യമറിഞ്ഞിടാമോ !

13. ദിനന്തൊറും രക്ഷക'നേശു' തൻെറ-
മഹോപദേശം ശിരസാ വഹിച്ചും
സ്വധമ്മകൃത്യങ്ങൾ മുറയ്ക്കു ചെയ്തും
വസിക്കനല്ലു; പരമാത്ഥമായി.

# യുവലോകം.

റവ. ഫാദർ ഫ്രാൻസിസ് സി. ഡി.

ജീവിതസ്ഥിതികളെകുറിച്ച്, ഈ പംക്തികളിൽ ചണ്ഡ ശ്ലൂ പ്രതിവാദിക്കയിൽ നമ്മുടെ യുവലോകത്തിൻെറ നാനാമുഖമായ ഉന്നമനമാണ് എഴുത്തുകാരൻ പ്രധാനമായി കരുതിയത്.

യുവലോകത്തെപ്പററി ഇപ്പോൾ ഉപന്യസിക്കുന്നതു പ്രസ്തുത ഉദ്ദേശ്യത്തോടുകൂടിതന്നെ.

മനുഷ്യജീവിതം, സാധാരണയായി പ്രായത്തിനനുസരിച്ച് ശൈശവം, കൌമാരം, യൌവ്വനം, വാൎദ്ധക്യം എന്നിങ്ങനെ വിഭജിക്കപ്പെടാറുണ്ടു. ഇവയിൽ യൌവ്വനം സൎവ്വപ്രകാരേണയും ആകൎഷണീയമാണ്. ജീവിതലത സുരഭിലങ്ങളായ കുസുമങ്ങളാൽ അലംകൃതമായി പ്രത്യക്ഷപ്പെടുന്നതു യൌവ്വനത്തിലത്രെ. ജീവിതവത്സരത്തിൻെറ വസന്തകാലമാണ് അതു്.

യുവജനങ്ങളെക്കൊണ്ടു് നിബഡീകൃതമായ വിദ്യാഭ്യാസശാലകളെ സന്ദൎശിക്കുവാൻ ഇടയായിട്ടുള്ളപ്പോഴും, യുവജനങ്ങളോടു ഇടപെടുന്നതിന് സംഗതിയായിട്ടുള്ളപ്പോഴും, പൌരോഹിത്യവൃത്തിക്കു് യുവലോകത്തോടുള്ള ബന്ധത്തെപ്പററി അഗാധമായി ചിന്തിക്കുമ്പോഴും, ലേഖകന് ഉണ്ടായിട്ടുള്ള വിവിധ വിചാരങ്ങളെ സംഗ്രഹിക്കുന്നതിന് പണിപ്പെട്ടിട്ടുണ്ടു്.

'ഓരോരുത്തൎക്കും അഭിലഷണീയമായ യൌവ്വനദശ ഒരിക്കൽ മാത്രമെ, കൈവരുന്നുള്ളു: ആയതിനാൽ അതു ഏററം നന്നായി ഉപയോഗപ്രദമാക്കിത്തീൎക്കുക.' ഈ പ്രമേയത്തിൻെറ പൂൎവ്വഭാഗത്തെപ്പററി ആൎക്കും വിസമ്മതത്തിനു കാരണമില്ല. എന്തെന്നാൽ അതു പ്രകൃതിയുടെ ഒരു അലംഘനീയ പ്രമാണമാകുന്നു. എന്നാൽ ഉത്തരഭാഗം പലരും പലവിധത്തിൽ മനസ്സിലാക്കി പ്രവൎത്തിച്ചു പോരുന്നു. അതായതു് യൌവനദശയെ എങ്ങിനെ ഉപകരിപ്പിക്കണം എന്നുള്ള സംഗതി ലോകത്തിന് അത്ര സുവിദിതമല്ല. മനുഷ്യൻെറ ജീവിതയാനപാത്രം പ്രക്ഷുബ്ധ ജലാശയങ്ങളിലൂടെ ചരിക്കുമ്പോൾ ഛിന്നഭിന്നമായി പോകുന്നതിനുള്ള കാരണങ്ങളിൽ സൎവ്വപ്രധാനമായ ഒന്ന് യൌവ്വനത്തെ അവർ വേണ്ടവിധം ഉപകരിപ്പിക്കുന്നില്ല എന്നുള്ളതുതന്നെ. ആയതിനാൽ ഭാവിജീവിതം വിജയകരമായി കഴിക്കുന്നതിന് തങ്ങളുടെ യൌവ്വനത്തെ എങ്ങിനെ നയിക്കണമെന്നു കുറഞ്ഞൊന്നു വിവരിക്കുവാൻ പോകുന്നതിലേക്കു് മിശിഹായിൽ എൻെറ വാത്സല്യരായ യുവജനങ്ങളുടെ ശ്രദ്ധയെ ഞാൻ സവിനയം ക്ഷണിച്ചു

കൊള്ളട്ടെ.

മനുഷ്യൻ ജന്മനാ സ്വതന്ത്രനാണ്. ഐന്ദ്രികസുഖഭോഗങ്ങളും ലൌകിക വസ്തുക്കളും യഥേഷ്ടം അനുഭവിക്കുന്നതിന് അവൻ സ്വഭാവികമായി പ്രേരിതനാകുന്നു. ആയതിനാൽ അവയെ സ്വതന്ത്രമായും നിർബാധമായും ആസ്വദിച്ച് ഒരിക്കൽമാത്രം ലഭിക്കുന്ന യൌവ്വനദശയെ ആനന്ദത്തിൽ ആരംഭിയ്ക്കുകയാണ് യുവജനങ്ങളുടെ ധർമ്മം. ഇതാണ് യുവലോകത്തിൻെറ യുക്തിവാദം. ഇതത്രെ യുവസ്വാതന്ത്ര്യത്തിൻെറ പ്രവാഹഗതി. സുഭാഷിതകർത്താവും പ്രസ്തുത പ്രലോഭനത്തെപ്പററി പ്രസ്താവിക്കുന്ന ഒരു ഘട്ടമുണ്ട്. "ആയതിനാൽ വരുവിൻ! ഐഹികനന്മകൾ നമുക്ക അനുഭവിക്കാം. യൌവനത്തിൽ സൃഷ്ടങ്ങളെ നമുക്ക ഉപയോഗിക്കാം. അമൂല്യമായ വീഞ്ഞുകൊണ്ടും തൈലാഭിഷേകത്താലും നമുക്ക സംതൃപ്തിയടയാം. സമയകുസുമം നമ്മെ വേഗം കടന്നു പോകാതിരിക്കട്ടെ. റോസപ്പൂക്കൾ വാടിപ്പോകുന്നതിനുമുമ്പ് അവകൊണ്ട് നമ്മുടെ ശിരസ്സുകൾക്ക് നമുക്ക മുടിയുണ്ടാക്കാം. നമ്മുടെ സ്വൈരവിഹാരം നടക്കാത്ത യാതൊരു മൈതാനവും ഇല്ലാതിരിക്കട്ടെ. ധാരാളത്വം നമുക്ക എല്ലാവക്കും ഉണ്ടായിരിക്കട്ടെ; എല്ലായിടത്തും സന്തോഷത്തിൻെറ ലക്ഷ്യങ്ങളെ നമുക്ക വിതരണം ചെയ്യാം. എന്തെന്നാൽ ഇതു നമ്മുടെ സമ്പാദ്യവും അവകാശവും ആകുന്നു" (സുഭാഷി. II, 6.) ഈദൃശ്യമായ സ്വാതന്ത്ര്യത്തിൻെറ വിഭ്രാന്തിയിൽനിന്ന് യുവലോകം സുരക്ഷിതമായിരിക്കണം.

ബുദ്ധിപൂവ്വം പ്രവത്തിക്കുന്ന യുവാക്കന്മാരുടെ ബുദ്ധി യൌവ്വനത്തിൽ വികസിതമായിത്തന്നെയിരിക്കുന്നു. സ്വാതന്ത്ര്യം പ്രയോഗിച്ചുകൊണ്ട് തങ്ങളെ നിമ്മലരായി കാക്കുന്നതിന് സവ്വാത്മനാ പരിശ്രമിക്കണം. ജീവിതത്തിൻെറയും മനസ്സാക്ഷിയുടെയും നൈമ്മല്യമായിരിക്കണം യൌവ്വനത്തിൻെറ ആകർഷണീയതയുടെ ഹേതു. പ്രാസംഗികൻ പ്രകൃതത്തെക്കുറിച്ച് പ്രസംഗിക്കുന്നതു കേട്ടുകൊൾക: "യുവാവേ! നിൻെറ യൌവ്വനദശയെ നീ ആനന്ദിപ്പിക്കുക. നിൻെറ യൌവ്വനത്തിൽ നിൻെറ ഹൃദയത്തെ

നല്ലവയിൽ പതിക്കുക. നിൻെറ യൌവനത്തിൽ സ്രഷ്ടാവിനെ നീ അനുസ്മരിക്കുക." സന്തോഷത്തിനും, ആനന്ദത്തിനും ജീവിതത്തെ നിശ്ശേഷം അർപ്പിക്കുന്നതിനു ഒരുങ്ങിയിരിക്കുന്ന ഒരു ജീവിതഘട്ടമാണല്ലൊ യൌവ്വനം. എന്നാൽ യുവലോകത്തിൽ ഒരു ഭൂരിഭാഗം സ്പൃഹണീയമായ ഈ ആനന്ദം യഥാർത്ഥത്തിൽ അനുഭവിക്കുന്നില്ല എന്നുതന്നെ പറയണം. ഇതിൻെറ ഹേതു പ്രാസംഗികൻെറ മേലുദ്ധരിച്ച ഉപദേശം അവർ അവഗണിക്കുന്നതാണ്. അതായതു അവർ അവരുടെ നവയൌവ്വനത്തിൽ സ്രഷ്ടാവിനെ വിസ്മരിച്ചുകളയുന്നു. പ്രവാചകനായ വി. ഏശായാ പ്രലപിക്കുന്നതും ശ്രദ്ധേയമാണ്. "എൻെറ ജനം രണ്ടു തിന്മ ചെയ്തിരിക്കുന്നു. സജീവജലത്തിൻെറ ഉറവയായ എന്നെ അവർ പരിത്യജിക്കുകയും, വെള്ളം നില്ക്കാത്ത പൊട്ടക്കിണറുകൾ കുഴിക്കുകയും ചെയ്തിരിക്കുന്നു." (ജറ. 2. 13.) ആയതിനാൽ യഥാർത്ഥ സന്തോഷവും ആനന്ദവും കൈവരുന്നതിനു യുവജനങ്ങൾ ആഗ്രഹിക്കുന്നുവെങ്കിൽ, അവരുടെ സ്വാതന്ത്ര്യബുദ്ധി ഉപയോഗിച്ചുകൊണ്ടു, സർവ്വനന്മയുടെ ഉല്പത്തിസ്ഥാനമായ സ്രഷ്ടാവിനെ, അവർ യൌവ്വനകാലത്തും അനുസ്മരിക്കട്ടെ.

മനുഷ്യഹൃദയത്തിൻെറ വിഷയം (Object) ആനന്ദമാണു. (മനുഷ്യനിലുള്ള ഓരോ കാരകശക്തിക്കും, അവയ്ക്കനുസൃതമായ ഒരു വിഷയവും പ്രകൃതിനാഥൻ നിശ്ചയിച്ചിട്ടുണ്ട്. ഉദാ. കണ്ണുകൾ കാണുന്നതിനുവേണ്ടിയുള്ളവയാകയാൽ അവയുടെ വിഷയം ദൃശ്യവസ്തുക്കൾ ആണ്.) ആനന്ദം ആരായുന്നതിൽ അതിനു അസാമാന്യമായ ആസക്തിയുണ്ട്. മാത്രമല്ല, ആനന്ദംകൊണ്ടുമാത്രമെ അതു തൃപ്തി അടയുകയുള്ളു. എന്നാൽ യഥാർത്ഥമായ ആനന്ദം ആനന്ദദായകനായ ദൈവത്തിൽനിന്നു മാത്രം പ്രതീക്ഷിക്കണം. ആയതിനാൽ യുവാക്കന്മാർ ആരായുന്നെങ്കിൽ, അവർ അവരുടെ യൌവ്വനത്തിൽ ആനന്ദസന്ദായകനായി സ്രഷ്ടാവിനെ അനുസ്മരിക്കണം എന്നു അറിഞ്ഞിരിക്കട്ടെ. "എൻെറ മകനേ, നിൻെറ കർത്താവിനെ നീ ബഹുമാനിക്കുക; നിൻെറ ആദ്യഫലങ്ങൾ അങ്ങേക്കു നീ സമർപ്പിക്കുക." (ഉപ. 39.)

എന്നാണ് പരിശുദ്ധാത്മാവിയുടെ ഉപദേശവും. ആയതിനാൽ
മനുഷ്യൻ ആർജ്ജിച്ചിട്ടുള്ള ബാഹ്യവസ്തുക്കളുടെ ആദ്യഫലങ്ങൾ
ദൈവം ആവശ്യപ്പെടുന്നുണ്ടെങ്കിൽ, മനുഷ്യജീവിതത്തിന്റെ പ്ര
ഥമഭാഗമായ യൌവനത്തിന്റെ ഫലങ്ങളെ എത്രമാത്രം അവി
ടുന്നു പ്രതീക്ഷിച്ചിരിക്കണം? സ്രഷ്ടാവിനുള്ള ഈ അവകാശം
അവഗണിച്ചു പ്രവർത്തിക്കുന്ന യുവലോകത്തിനു ദുരിതം.

യൌവനത്തിൽ സുഖഭോഗങ്ങളും ആനന്ദവും യഥേഷ്ടം അ
നുഭവിക്കുന്നതിനുള്ള അവസരങ്ങൾ ഓർശ്ലേം രാജാവായ ശ്ലേമോ
നെപ്പോലെ മററാർക്കും ലഭിച്ചിട്ടില്ല എന്നു വേണം പറയുവാൻ.
എന്നുതന്നെയല്ല അത്ര തീക്ഷ്ണമായും, അത്യാസക്തിയോടും
ഐഹികസുഖങ്ങൾ ആസ്വദിച്ച ഒരു പുരുഷനെങ്കിലും ലോക
ചരിത്രത്തിൽ കണ്ടുകിട്ടുമോ എന്നും സംശയമാണ്. എന്നാൽ
അദ്ദേഹംതന്നെ സ്വാനുഭവത്തെപ്പററിപ്പറയുന്നഭാഗം പ്രത്യേകം
ശ്രദ്ധേയമാണ്. "ഞാൻ എന്റെ ഹൃദയത്തിൽ പറഞ്ഞു: ഞാ
ൻ പോയി സന്തോഷത്തിൽ നിമഗ്നനാകും. എല്ലാ നന്മകളേയും
ഞാൻ ആസ്വദിക്കും. ഓർശ്ലേത്തിൽ എനിക്കുമുമ്പുണ്ടായിരുന്നവ
രെയെല്ലാം ഞാൻ സമ്പത്തിൽ അധികരിച്ചു...എന്റെ കണ്ണുക
ൾ കാംക്ഷിച്ചതൊന്നും അവയ്ക്കു ഞാൻ നിഷേധിച്ചില്ല. എല്ലാ
സുഖങ്ങളും അനുഭവിക്കുന്നതിൽനിന്നും, ഞാൻ സംഭരിച്ച വസ്തു
ക്കളെ യഥേഷ്ടം ആസ്വദിക്കുന്നതിൽനിന്നും എന്റെ ഹൃദയ
ത്തെ ഞാൻ തടഞ്ഞില്ല. എന്നാൽ എല്ലാററിലും ഞാൻ മായ
വും മാനസികചാഞ്ചല്യവുമെ കണ്ടുള്ളു. ഇഹത്തിൽ നിലനില്ക്കു
ന്നതായി യാതൊന്നും ഞാൻ ദർശിച്ചില്ല." (പ്രാസം. ൨, ൧.)

തിരുസ്സഭാപിതാക്കന്മാരിൽ അഗ്രഗണ്യനും, വേദശാസ്ത്ര
പ്രമുഖനും, ലോകമഹാചിന്തകനും ആയ വി. അഗുസ്തീനോസി
ന്റെ അഭിപ്രായത്തിന് പ്രകൃതത്തിൽ ഒരു പ്രത്യേക വിലയു
ണ്ടു. അദ്ദേഹത്തിന്റെ യൌവനത്തിൽ ഉദ്ദേശം 15 വത്സരങ്ങ
ളോളം, നിർബാധമായി ലൌകികങ്ങളും, ശാരീരികങ്ങളുമായ സു
ഖഭോഗാദികളിൽ നിശ്ശേഷം നിമഗ്നനായി സംതൃപ്തി അടയുന്ന
തിനു അദ്ദേഹം പരിശ്രമിച്ചു. എന്നാൽ ഏതാദൃശ സുഖങ്ങൾ

അദ്ദേഹത്തിന്റെ ഹൃദയത്തിന് യഥാൎത്ഥമായ സമാധാനവും സന്തോഷവും പ്രദാനം ചെയ്യുന്നതിനുപകരം, അവ അനുദിനം അദ്ദേഹത്തെ ഉപൎയ്യുപരി ദുഃഖിതനാക്കിത്തീൎക്കുകയാണുണ്ടായതു്. അവസാനം പ്രസാദവരത്താൽ പ്രേരിതനായി, സൎവ്വസമാധാനത്തിന്റെയും ആസ്ഥാനമായ സാക്ഷാൽ ആനന്ദസ്വരൂപനിൽ അദ്ദേഹം അഭിലഷിച്ച സൎവ്വ ആനന്ദവും അദ്ദേഹം സംപ്രാപിച്ചുകൊണ്ടു്, കൃതജ്ഞതാഭരിതമായ ഹൃദയത്തോടുകൂടെ അദ്ദേഹം ചെയ്ത ആക്രന്ദനം സുപ്രസിദ്ധമാണല്ലോ. "നാഥാ! അവിടുന്ന് അങ്ങേക്കായി ഞങ്ങളെ നിൎമ്മിച്ചു! ഞങ്ങളുടെ ഹൃദയം നിന്നിൽ സമാശ്വസിക്കുന്നതുവരെ അതിനു വിശ്രാന്തിയില്ല."

ലോകചരിത്രം നാം പരിശോധിക്കുന്നപക്ഷം, തങ്ങളുടെ യൌവനദശയിൽ സ്രഷ്ടാവിനെ വിസ്മരിച്ചുകൊണ്ടു്, ഓരോരുത്തർ കാട്ടിക്കൂട്ടിയ ഗോഷ്ഠികളെപ്പററി പ്രലപിക്കുന്ന പലരേ കണ്ടുമുട്ടും. എന്നാൽ തങ്ങളുടെ യൌവനത്തെ സുകൃതവൃത്തിയിലും, നന്മപ്രവൃത്തികളിലും വ്യാപരിപ്പിച്ചിട്ടുള്ള യാതൊരുത്തനും അതിനെപ്പററി മനസ്തപിക്കുന്നതായി നാം കാണുന്നില്ല. ആയതിനാൽ അവർ ആരായുന്ന ആനന്ദത്തിന്റെ കാരണകൎത്താവായ സൎവ്വേശ്വരനെ നമ്മുടെ യുവതീയുവാക്കന്മാർ അവരുടെ യൌവന ദശയിൽ ആദ്യമായി അനുസ്മരിക്കണമെന്നുള്ളതാണ് നമ്മുടെ യുവലോകത്തോടു ഇനിക്കുള്ള അഭ്യൎത്ഥന.

"നിന്റെ യൌവനത്തിൽ നീ സംഭരിക്കാത്തവയെ നീ എങ്ങിനെ നിന്റെ വാൎദ്ധക്യത്തിൽ സമ്പാദിക്കും" (പ്രാസ.25,5) എന്നാണ് പ്രാസംഗികൻ ചോദിക്കുന്നതു്. അതു നമ്മുടെ ജീവിതമാകുന്ന കൃഷിപ്രദേശം ഫലസന്ദായകമാണെങ്കിൽ, അതു കൃഷിചെയ്യപ്പെടേണ്ടതു, വിതക്കപ്പെടേണ്ടതു് യൌവന ദശയിലത്രെ. എന്നാൽ വിതക്കുന്നതു മാത്രമെ നാം കൊയ്യുന്നുള്ളു. പാപത്തിന്റെയും, തിന്മയുടെയും വിത്തുകൾ തങ്ങളുടെ യൌവനദശയിൽ വിതച്ചുവരുന്ന ഏതൊരു യുവാവിനോ യുവതിക്കോ ആണ്, അവരുടെ വാൎദ്ധക്യത്തിൽ പ്രസാദവരത്തിന്റെ

യും സുകൃതങ്ങളുടെയും കുസുമങ്ങളും ഫലങ്ങളും കരഗതമാകുന്നതു്?

ജീവിതത്തെ ഒരു നാടകരംഗത്തോടു് ഒരു മഹാകവി ഉപമിക്കുന്നുണ്ടല്ലോ. നാം ഓരോരുത്തരും നമുക്കു ജീവിത രംഗത്തിൽ അഭിനയിക്കേണ്ടഭാഗം ഭംഗിയായിത്തന്നെ അഭിനയിക്കണമെന്നാണു് കരുതുന്നതു്. എന്നാൽ അതിനു ഏററം പററിയ സമയം നമ്മുടെ യൗവനമത്രെ. അവിടെവച്ചാണു് നമ്മുടെ ജീവിതാഭിനയം നാം ഇദംപ്രഥമമായി തഴങ്ങുന്നതു്. ആയതിനാൽ ജീവിതരംഗത്തിൽ പ്രവേശനം ചെയ്തിരിക്കുന്ന എൻെറ യുവലോകമേ, നിങ്ങൾക്കുള്ള ഭാഗം സ്തുത്യർഹമായി അഭിനയിക്കുന്നതിനു ഞാൻ ഈ ലേഖനപരമ്പരയിൽ നൽകുന്ന ആദ്ധ്യാത്മിക വിധികൾ നിങ്ങൾ സവിനയം സ്വീകരിച്ചാൽ നിങ്ങളുടെ അഭിനയം സർവ്വദാ വിജയപര്യവസായിയായിരിക്കും. നിങ്ങളെ ശകാരിക്കണമെന്നോ നിരാശപ്പെടുത്തണമെന്നോ അല്ല എൻെറ ഉദ്ദേശം. മറിച്ചു് നിങ്ങളെ ഉപദേശിച്ചു് ധൈര്യപ്പെടുത്തണമെന്നുള്ളതുമാത്രമത്രെ. എല്ലാ യുവതീയുവാക്കന്മാരുടെയും ഹൃദയാന്തർഭാഗത്തു ജീവിതത്തിൽ തങ്ങൾക്കു ഒരു മഹൽസ്ഥാനം കരസ്ഥമാക്കണമെന്നുള്ള ഒരു വ്യാമോഹം കുടികൊള്ളുന്നുണ്ടു്. ഇതു യഥാസമയത്തു് പ്രാവർത്തികമല്ലെങ്കിൽ ഈ ആഗ്രഹം അവക്കു സാധിക്കുന്നതിനു ശക്തിയില്ലെങ്കിൽ പ്രകൃതിയെ പഴിക്കേണ്ടതായി വന്നുകൂട്ടും. അതു സാഹസമാണു്. ആയതിനാൽ മനുഷ്യരുടെയും ദൈവത്തിൻെറയും മുമ്പാകെ സാക്ഷാത്തായ മാഹാത്മ്യം സമാർജ്ജിക്കുകയെന്നുള്ളതാണു് യുവലോകത്തിൻെറ ധർമ്മം. ഈ മാഹാത്മ്യം യഥാവസരത്തിൽ കരഗതമാക്കുന്നതിനുള്ള യുവലോകത്തിൻെറ പരിശ്രമത്തിൽ, "യുവാവു് തൻെറ യൗവനത്തിൽ അവൻെറ സ്രഷ്ടാവിനെ അനുസ്മരിക്കട്ടെ." എന്നുള്ളതായിരിക്കണം അവരുടെ മുദ്രാവാക്യം.

# ഒരു രണ്ടാം സെബാസ്റ്റ്യൻ.

(ശ്രീമാൻ അന്റണി തൊകലത്ത്.)

പണ്ടു ഞാൻ ഒരു ഇംഗ്ലീഷുമാസികയിൽ വായിച്ചതായി ഓൎമ്മിക്കുന്ന ഒരു ചെറുകഥയാണിതു്. വായനക്കാൎക്കു രസാവഹമായിരിക്കുമെന്നു വിശ്വസിക്കുന്നു.

പണ്ടു ഉത്തരബവേറിയാ രാജ്യത്തു് ഒരു ചെറിയ കുടുംബം വളരെ സന്തോഷത്തിലും സമാധാനത്തിലും സംതൃപ്തിയിലും വത്തിച്ചിരുന്നു. കുടുംബനായകൻ ഒരു വാദ്ധ്യാരായിരുന്നു. സൌന്ദൎയ്യവതിയും ചെറുപ്പക്കാരിയുമായിരുന്ന നായികക്കു മൂന്നു ചെറിയ കുഞ്ഞുങ്ങളും ഉണ്ടായിരുന്നു. മൂത്ത കുട്ടിയുടെ പേർ "കോണാർഡ്" എന്നായിരുന്നു. ഇവൻ ഗാത്രദാർഢ്യതയും മിടുക്കം ബുദ്ധിസാമൎത്ഥ്യവുമുള്ളവനായിരുന്നു. പുരാതനഗ്രന്ഥങ്ങളെയും കലാവിദ്യകളെയും ആണ് 'കോണാർഡ്' ഇഷ്ടപ്പെട്ടിരുന്നതു്. സംഗീതത്തിൽ ഈ കുട്ടി നല്ല പാടവമുള്ളവനായിരുന്നു.

രണ്ടാമത്തെ പുത്രിയായ മത്താ സൌന്ദൎയ്യവതിയും സുശീലയും വിനീതയുമായിരുന്നു. തന്റെ മൂത്ത സഹോദരനെപ്പററി മത്തക്കു വലിയ മതിപ്പും സ്നേഹവുമായിരുന്നു. വിദ്യാലയത്തിൽ വച്ചുതന്നെ പലപ്പോഴും കൂട്ടുകാരോടു കോണാർഡ് ആങ്ങളെയെപ്പററി പുകഴ്ത്തി സംസാരിക്കുന്നതിൽ അവൾക്കു വലിയ താല്പൎയ്യമുണ്ടായിരുന്നു.

ബലവാനും സന്തുഷ്ടചിത്തനുമായിരുന്നു ഇളയവൻ 'കാറൽ'. വേനൽക്കാലങ്ങളിൽ മലകളിലും കുന്നിൻചരിവുകളിലും ചുററിയലഞ്ഞുനടക്കുന്നതിനും പ്രകൃതീരമണീയങ്ങളായ കാഴ്ചകൾ കണ്ടു രസിക്കുന്നതിനും സ്രഷ്ടാവിന്റെ മാഹാത്മ്യത്തെ സ്വന്തകാഴ്ചകളിൽനിന്നു ധരിച്ചു ഭക്തിയും സ്വയം സന്തുഷ്ടിയും പ്രാപിക്കുന്നതിലായിരുന്നു കാറൽ ശ്രദ്ധിച്ചിരുന്നതു്.

ഒരു ദിവസം സന്ധ്യക്കു കുടുംബാംഗങ്ങളെല്ലാവരും വീടിന്റെ പൂമുഖത്തുകൂടി. പിതാവു വി. സെബസ്ത്യാനോസിന്റെ കഥ വളരെ തന്മയത്വത്തോടുകൂടി അവിടെ പ്രസ്താവിച്ചു. കഥ കേട്ടുകഴിഞ്ഞ ഉടനെ കുട്ടികളുടെ ഇടയിൽ ഒരു തിക്കം തിര

കരം ബഹളവുമൊക്കെയായി. കോണാർഡു പറഞ്ഞു: "ഞാനും ഒരു രക്തസാക്ഷിയാകും."

മത്താ:- "അമ്മേ! സ്വർഗ്ഗത്തിൽ പോകുന്നതു എത്ര സന്തോഷകരം! എത്ര സൌഭാഗ്യം അല്ലേ അമ്മേ?"

അമ്മ:- "വേദനയും കുരിശുകളും കൂടാതെ നമ്മൾ ആരും സ്വർഗ്ഗത്തിൽ പ്രവേശിക്കയില്ല."

കാറൽ (കുറെ മൌനം ദീക്ഷിച്ചശേഷം): "അമ്പും വാളുകളും വളരെ വലിയ ഉപദ്രവവും വേദനയുമാണ് അല്ലേ അമ്മേ?"

കോണാർഡ്:- "എടാ! വിഡ്ഢി! ഭീരുത്വം അല്ലേ?"

കാറൽ:- (ചാടി എഴുന്നേററുകൊണ്ടു) "ഭീരുത്വമോ? നീയല്ലേ ചേട്ടാ ഇന്നാൾ ആ പശുക്കളെ കണ്ടപ്പോളോടിപ്പോന്നത്? പുഴകണ്ടപ്പോൾ ഇക്കരെക്കുകടക്കാൻ വിറച്ചിരുന്നത്?"

അമ്മ കാറലിനെ സമാധാനപ്പെടുത്തി ഇരിക്കുവാൻ പറഞ്ഞു.

കോണാർഡ്:- "ഒരുത്തനെ ശാന്തതപ്പെടുത്തുകയോ അതല്ലെങ്കിൽ സ്വന്തനിലയിൽ സൌമ്യമായിരിക്കുവാൻ ശീലിക്കുകയോ ചെയ്യുന്നതുതന്നെയാണ് രക്തസാക്ഷിത്വം."

കാറലിന്നു മറുപടി പറയാതെ നിവൃത്തിയില്ലാത്ത ഭാവമായി. അമ്മ അവനെ അടക്കി.

സൂര്യൻ കുന്നുകൾക്കിടയിൽക്കൂടി അപ്രത്യക്ഷനായി. സർവ്വത്ര സമാധാനവും ശാന്തതയും വ്യാപിച്ചു. നമ്മുടെ കോണാർഡും, മത്തയും, കാറലും അമ്മയച്ഛന്മാരും സുഖമായുറങ്ങി.

## II

ഇരുപതു സംവത്സരവുംകൂടി കഴിഞ്ഞു. പണ്ടത്തെ ആ വീടു ഇപ്പോഴും അതിൻെറ പൂർവ്വസ്ഥിതിയെ വെടിയാതെ അവിടെത്തന്നെ ശാന്തമായി സ്ഥിതിചെയ്യുന്നു. എന്നാൽ ഇപ്പോൾ അവിടെ അമ്മമാത്രമാണുള്ളത്. അവരുടെ ഭർത്താവു അടുത്തുള്ള താഴ്വരയിലെ ശ്മശാനഭൂമിയിൽ സമാധാനപൂർവ്വം നിദ്ര

പ്രാപിക്കുന്നു. അദ്ദേഹം സ്വൎഗ്ഗീയാനന്ദം അനുഭവിച്ചുംകൊണ്ടു കുറച്ചുനാൾ കഴിച്ചുകൂട്ടുവാൻ മററുള്ളവരെ വിട്ടു നിതാന്തഹൎമ്മ്യത്തിലേക്കു പോയിരിക്കുകയാണു്. കോണാർഡ് തലസ്ഥാനനഗരിയിലെ വിശ്വവിദ്യാലയത്തിൽ ഒരു വലിയ പ്രാസംഗികനായി പോയിരിക്കുന്നു.

മത്തയാണെങ്കിൽ വിവാഹിതയായിക്കഴിഞ്ഞു. കുറച്ചകലെ ഉത്തമനും കുബേരനുമായ അവളുടെ ഭത്താവൊന്നിച്ചു താമസിച്ചുവരുന്നു. ചിലപ്പോഴൊക്കെ അവൾ അമ്മയെ കാണ്മാൻ സ്വഗൃഹത്തിലേക്കു വരാറുണ്ടു്. അപ്പോൾ അമ്മ മത്തയുടെ ചെറിയ ആൺകുഞ്ഞിനെ കരപല്ലവങ്ങളിൽ എടുത്തു താലോലിച്ചുകൊണ്ടിങ്ങനെ പറയും. "ഞാൻ കാറലിനെ നിന്നെപ്പോലെതന്നെയാണൊ മതിച്ചതു്. അവനെ എടുത്തുകൊണ്ടും ഞാൻ പാട്ടുപാടി. അവൻ ഇപ്പോൾ ആ പാട്ടിനെ ആവത്തിച്ചാവത്തിച്ചു നിത്യനാഥനുവേണ്ടി പാടുകയാണു്. "വിളവധികവും വേലക്കാർ ചുരുക്കവു"മുള്ള യജമാനന്റെ വയലിൽ കാറൽ വേലയെടുപ്പാൻ പോയിരിക്കുകയാണു്. നമുക്കുള്ള കൂലി പത്തും നൂറും ആയിരവും പതിനായിരവും ലക്ഷവും കോടിയും കോടാനുകോടിയും പലിശയോടുകൂടി കാറൽ സമ്പാദിക്കുന്നുണ്ടു്. സൎവ്വശക്തനു സ്തോത്രം."

## III

വൈദേശിക മിഷ്യൻരംഗത്തിലുള്ള വിദ്യാലയത്തിലെ വേദോപദേശക്ലാസ്സ്. ഫാദർ കാറൽ പഠിപ്പിച്ചുകൊണ്ടിരിക്കുകയാണു്! "വേദത്തെപ്രതി മരിപ്പാനും രക്തംകൊണ്ടു സത്യസഭാമാതാവിന്റെ തിരുനാമം പ്രോജ്വലിതമാക്കുവാനുംവേണ്ടി സന്നദ്ധരായ പുണ്യാത്മാക്കൾ എത്ര സംപൂജ്യരാണെന്നു ഓൎത്തുനോക്കുവിൻ. വിശുദ്ധനും രക്തസാക്ഷിയുമായ സെബസ്ത്യാനോസിനെപ്പററി എന്റെ പ്രിയ പിതാവു ഞാൻ നിങ്ങളെക്കാൾ കൊച്ചുകുട്ടിയായിരുന്നപ്പോൾ ഒരു ദിവസം ഞങ്ങൾക്കു പറഞ്ഞുകേൾപ്പിച്ചു. പ്രിയ കുഞ്ഞുങ്ങളേ! അതുപോലെ ഞാനും ആയതു നിങ്ങൾക്കു മനസ്സിലാക്കിത്തരാം.............................."

ഒരു അദ്ധ്യാപകൻ ഫാദറിൻെറ അടുത്തു ചാടിവീണുകൊണ്ടു "പിതാവേ ! ഇവിടെനിന്നും വേഗം മാറണം. ഉടനെ ഒളിക്കണം. ഇതാ ! അച്ചനെപ്പിടിപ്പാൻ ആൾ വരുന്നു. അവർ അങ്ങയെ വീടുകൾതോറും അന്വേഷിക്കുകയായിരുന്നു. കയ്യിൽ കിട്ടിയാൽ അവർ അച്ചനെ കൊണ്ടുപോകും. പീഡിപ്പിക്കും, കൊല്ലുകയും ചെയ്യും. ലവലേശം വൈകാതെ ഒളിക്കണം"

ഫാദർ കാറൽ(എഴുന്നേററുനിന്നുകൊണ്ടു) : "എന്റെ പ്രിയ മക്കളെ! ഭയപ്പെടേണ്ട. സമാധാനമായിരിക്കുക. ഞാൻ നിങ്ങളെ പിരിഞ്ഞുപോകുവാനുള്ള സമയമായിരിക്കാം. നിങ്ങൾ വീടുകളിലേക്കുപോകുക. ഞാൻ പോയാലും സൎവ്വശക്തൻ നിങ്ങൾക്കു മറെറാരു പുരോഹിതനെ കൊണ്ടുവന്നു തരും. നമുക്കുവേണ്ടി പ്രാണനെ ബലികഴിച്ച കൎത്താവിനുവേണ്ടി നാമെല്ലാവരും മരിക്കുന്നതു ഭാഗ്യമാണ്. അവർ എന്നെ മൃതിപ്പെടുത്തിയേക്കാം. അതു സാരമില്ല. എല്ലാം സഹിപ്പാനുള്ള ക്ഷമ നമുക്കുണ്ടാവാൻവേണ്ടി ദൈവത്തോടു പ്രാൎത്ഥിക്കുവിൻ"

ജനാവലി അവിടെത്തന്നെനിന്നു. ഫാദർ കാറലിനോടു തങ്ങളെ ആശീൎവ്വദിപ്പാനപേക്ഷിച്ചു : പുരോഹിതൻ കൈയ്യുയൎത്തി അവരെ വാത്സല്യപൂൎവ്വം അനുഗ്രഹിച്ചു എല്ലാവരും സ്ഥലം വിട്ടു.

ഇതാ വന്നെത്തി ശത്രുക്കൾ. പുരോഹിതനെ പിടിച്ചുകെട്ടി. അവിടെനിന്നും വലിച്ചിഴച്ചുംകൊണ്ടു യാത്രയായി. നട്ടുച്ചമുതൽ അൎദ്ധരാത്രിവരെ അവരദ്ദേഹത്തെ മലയുടെ ഇടുക്കുകളിലും താഴ്വരകളിലും കല്ലിലും മുള്ളിലും കൂടി വലിച്ചു അവരുടെ നായകൻെറ അടുത്തെത്തിച്ചു.

നായകൻ– "എന്താ താൻ ക്രിസ്ത്യാനിയോ?"

പുരോ– "അതെ, തീൎച്ചയായും"

നായകൻ– "ആയതുപേക്ഷിക്കാമോ?"

പുരോഹിതൻ– "ഹെയ്, ഒരിക്കലുംവയ്യാ. ജീവനുള്ള നിത്യസത്യദൈവത്തെ നിഷേധിക്കുവാൻ നിവൃത്തിയില്ല"

ഫാദർ കാറലിനെ അവർ ഒരു വലിയ മരത്തിൽ ബന്ധി

ച്ചു മതിയാകുന്നതുവരെ അടിച്ചു. പിന്നെ ഇടിച്ചു. ഒടുവിൽ കണ്ണുകെട്ടിനിറുത്തി. അസ്ത്രങ്ങൾ പ്രയോഗിപ്പാൻ തുടങ്ങി.

"എല്ലാം ദൈവത്തിനുവേണ്ടി" എന്നുമാത്രം സസന്തോഷം പറഞ്ഞും കൊണ്ടു ആ വന്ദ്യ വൈദികോത്തംസം സജ്ജീവനേയുംകൊണ്ടു ശരീരത്തിൽനിന്നു മിന്നൽവേഗത്തിൽ നിത്യജീവന്റെ ഭണ്ഡാഗാരത്തിലേക്കു പറന്നു പോവുകയും ചെയ്തു.

## സ്ഥിരപഞ്ചാംഗം.

കുടുംബജീവിതവും വ്യവസായവ്യവഹാരവ്യാപാരങ്ങളും ഏഴുദിവസങ്ങളുള്ള ആഴ്ചകൾ അടങ്ങിയ അസമമാസങ്ങളുടെ ആണ്ടുകൊണ്ടാണ് ഇതുവരെ നിയന്ത്രിക്കപ്പെട്ടിരുന്നതു്.

ഇപ്പോഴത്തെ സമയനിർണ്ണയംകൊണ്ടു പല കുഴപ്പങ്ങളും വന്നുചേർന്നിട്ടുണ്ടു്. ൩൧ ദിവസം ജോലി ചെയ്താലും ൨൨ ദിവസം വേലയെടുത്താലും 'ഒരു മാസത്തെ' ശമ്പളം ഒരുത്തനു കിട്ടുന്നു! ഫെബ്രുവരി ൨൯-ാം തീയതി ജനിച്ച ഒരാൾക്കു നാലു കൊല്ലത്തിലൊരിക്കൽ പിറന്നാൾ ഘോഷിച്ചാൽ മതിയോ? ഉയിർപ്പുഞായറാഴ്ച (ഈസ്റ്റർ) മാർച്ചു ൨൨ മുതൽ ഏപ്രിൽ ൨൫ വരെ ഏതെങ്കിലും ഒരു തീയതിയിൽ വരുന്നതാണു. ക്രിസ്തുമസ്സുദിവസമാകട്ടെ (ഡിസംബർ ൨൫-ാം തീയതി) ഏതെങ്കിലുമൊരു ആഴ്ചയിൽ ആഘോഷിക്കാം. ഈ പഞ്ചാംഗമനുസരിച്ചു ശമ്പളം വാങ്ങുന്നതിനും നികുതികൊടുക്കുന്നതിനും മററുകണക്കുകൾ ശരിപ്പെടുത്തുന്നതിനുമുള്ള വിഷമങ്ങൾ അല്പമൊന്നുമല്ല. അതുകൊണ്ടു പഞ്ചാംഗം കഴിയുന്നത്ര അന്യൂനമായിരിക്കണമെന്നു പ്രത്യേകം പറയേണ്ടതില്ലല്ലോ.

ജൂലിയൻ കലണ്ടറിലെ പിശകു പതിമ്മൂന്നാം ഗ്രിഗോരിയോസ് മാർപ്പാപ്പാ ൧൫൮൨-ലാണല്ലോ പരിഹരിച്ചതു്. അതിൽപിന്നെ പഞ്ചാംഗപരിഷ്കാരത്തിനായി പലതും പുറപ്പെട്ടിട്ടുണ്ടെങ്കിലും അടുത്തകാലത്തുണ്ടായ ചിലരുടെ പരിശ്രമങ്ങൾ വി

ജയന്തിച്ചാലിതമായിത്തീരാനിടയുണ്ടെന്നു കാണുന്നു. ഒരു സൎവ്വരാജ്യസ്ഥിരപഞ്ചാംഗം നിൎമ്മിക്കുന്നതിനുള്ള മാൎഗ്ഗങ്ങളെ ചൂണ്ടിക്കാണിച്ചുകൊണ്ടു അയച്ചിട്ടുള്ള ഇരുന്നൂറിൽപരം നിൎദ്ദേശങ്ങൾ സൎവ്വരാജ്യസഖ്യത്തിനു ലഭിച്ചിട്ടുണ്ട് അവയിൽ രണ്ടെണ്ണം മാത്രമേ സ്വീകാൎയ്യയോഗ്യമായി കാണുന്നുള്ളൂ. നാലുആഴ്ചകളടങ്ങിയ ൧൩ മാസങ്ങളുള്ള ഒരാണ്ടാണ് അതിലൊന്നു. മറേറതാകട്ടേ ൯൧ ദിവസങ്ങളോടുകൂടിയ നാലു പാദങ്ങളുള്ള പന്ത്രണ്ടു മാസവൎഷമാണ്. ഇതിൽ ഓരോ പാദത്തിലെ ആദ്യ മാസത്തിന് ൩൧ ദിവസവും മററു രണ്ടുമാസങ്ങൾക്കു ൩൦ ദിവസവും വീതമുണ്ടു. ഇങ്ങിനെ ൩൬൪ ദിവസമുള്ള ഒരു ആണ്ടു നമുക്കു ലഭിക്കുന്നു. ൩൬൫-ാമതു ദിവസം തികയ്ക്കുന്നതിനു ജനുവരി മാസം ൧-ാം തീയതിയുടെ തലേദിവസം "വൎഷദിനം" എന്ന പേരോടുകൂടി ഒരു ദിവസം ചേൎത്തിരിക്കുന്നു. ലീപ്പ് ഈയർദിനം ജൂലായി ൧-ാം തീയതിക്കു തലേദിവസവുമാണ്.

ഇതിൽ രണ്ടാമതു പറഞ്ഞ പന്ത്രണ്ടുമാസപഞ്ചാംഗത്തോടാണ് ഭൂരിപക്ഷം ആളുകളും പ്രതിപത്തി കാണിച്ചു വരുന്നതു. ഇതനുസരിച്ചു ക്രിസ്തുമസ്സ് എല്ലായ്പോഴും തിങ്കളാഴ്ചയായിരിക്കും. ഈസ്റ്റർ എല്ലാക്കൊല്ലവും ഏപ്രിൽ എട്ടാം തീയതി ആയിരിക്കുന്നതാണ്. മറെറല്ലാതിരുനാളുകളും ഇതുപോലെ നിശ്ചിത തീയതികളിൽ സ്ഥിരമായിരിക്കും. ഇപ്പോൾ നടപ്പിലിരിക്കുന്ന പഞ്ചാംഗമനുസരിച്ചു ഈസ്റ്റർ (ഉയിൎപ്പു) ഞായറാഴ്ച അടുത്ത പതിനഞ്ചു കൊല്ലങ്ങളിൽ യഥാക്രമം താഴെ കാണിക്കുന്ന തീയതികളിലാണ്.

| ആണ്ട്. | ഈസ്റ്റർ തീയതി. |
|---|---|
| 1935 | ഏപ്രിൽ 21. |
| 6 | ,, 12. |
| 7 | മാൎച്ച് 28. |
| 8 | ഏപ്രിൽ 17. |
| 9 | ,, 9. |

| | | |
|---|---|---|
| 1940 | മാർച്ച് | 24. |
| 1 | ഏപ്രിൽ | 13. |
| 2 | ,, | 5. |
| 3 | ,, | 25. |
| 4 | ,, | 9. |
| 5 | ,, | 1. |
| 6 | ,, | 21. |
| 7 | ,, | 6. |
| 8 | മാർച്ച് | 28. |
| 9 | ഏപ്രിൽ | 17. |
| 1950 | ,, | 9. |

## ക്ഷയരോഗത്തിനു തവളസൂപ്പ്. *

ഈവിഷയത്തെപ്പററി അനുഭവസ്ഥനായ മി. എ. കെ. കൊച്ചുകുഞ്ഞ്, വക്കീൽ ഗുമസ്താ, കല്ലിശ്ശേരി, ചെങ്ങന്നൂർ ഇങ്ങിനെ എഴുതിയിരിക്കുന്നു.

തവളസൂപ്പു ക്ഷയരോഗത്തിനു സിദ്ധൌഷധമാണെന്നുള്ളതിന്നു രണ്ടുപക്ഷമില്ല. കാരണം എനിക്കു ഈ സുഖക്കേടുണ്ടായകാലത്തു എന്നെ പരിശോധിച്ച പല ഡാക്ടർമാരും എന്റെ രോഗം മാറുകയില്ലെന്നു പറഞ്ഞതിനുശേഷമാണു ഞാൻ തവളസൂപ്പുകുടിച്ചതു്. ഏഴു സൂപ്പുകുടിച്ചപ്പോഠം മുതൽ എന്റെ ദീനത്തിന്നു വളരെ സുഖം കിട്ടിയെന്നുതന്നെയല്ല കിടപ്പിൽതന്നെ കഴിച്ചുകൂട്ടിയിരുന്ന ഞാൻ എഴുന്നീററു നടന്നുതുടങ്ങുകയും ഈ വിവരം എന്നെ ഉപേക്ഷിച്ച ഡാക്ടർമാർ അറിഞ്ഞു അവർ എന്റെവീട്ടിൽ വന്നു എന്നെ കാണുകയുമുണ്ടായി. വലിയ ക്ഷയരോഗിയായിരുന്ന എനിക്കു സൂപ്പുകുടിച്ചതിൽപിന്നെ ചുമയോ ജലദോഷംപോലുമോ ഉണ്ടായിട്ടുമില്ല. എന്നാൽ തവളസൂ

* ഈ സൂപ്പു ഉപയോഗിച്ച പലർക്കും ഗണ്യമായ ഗുണമുണ്ടായിട്ടുണ്ടെന്നു വിശ്വാസയോഗ്യമായ അറിവു കിട്ടിയിരിക്കുന്നു. — കു. ദീ. പ.

പ്പു തന്നെയായിരിക്കേണം. തവള മാറി സൂപ്പുവച്ചുകൊടുത്താൽ യാതൊരു പ്രയോജനവും ഇല്ലാ. ശരിയായ തവളയുടെ വിവരം താഴെ പറയുന്നു. നെററിക്കു മൂന്നു പച്ചവരയുള്ളതും സാധാരണ വെള്ളത്തിൽമാത്രം കിടക്കുന്നതും ചിലതിന്റെ ദേഹം ആസകലം പച്ചനിറവും ചിലതിന്റെ നെററിമാത്രം മൂന്നു പച്ചവരമാത്രവും കാണുന്നതുമായ (രണ്ടും ജാതിഒന്നുതന്നെ) തവളയെ ജീവനോടുകൂടി പിടിച്ചുകൊണ്ടുവന്നു കഴുത്തറുത്തു കൊന്നു തൊലി ഉരിച്ചുകളഞ്ഞുംവച്ചു വൃത്തിയായി ഉരച്ചു കശക്കി എടുത്തു പൊടിപൊടിയായി ഞെരണ്ടു ഒരു ചെറിയ ഭരണിയിൽ വാരിഇട്ടു അടച്ചുകെട്ടി ഒരു കലത്തിലോ മററുവല്ല പാത്രത്തിലോ വെള്ളം ഒഴിച്ചു ഭരണി മറിയാത്ത വിധത്തിൽ കലത്തിൽവച്ചു ഒരു മണിക്കൂറിൽ കുറയാതെ നല്ലതുപോലെ തീ എരിച്ചു വാങ്ങിപിഴിഞ്ഞു സത്തെടുത്തു ഏലത്തരി ഗ്രാമ്പൂവ് നല്ലമുളകു ഇത്രയും പൊടിച്ചിട്ടു കുടിക്കണം. ഇറച്ചി അറയുന്നതിന്റെ കൂടെ രണ്ടുകല്ലുപ്പും കുറച്ചു ഇഞ്ചിയും കറിവേപ്പിലയും കൂടി അറയുന്നതു കൊള്ളാം. സൂപ്പു കാലത്തു വെറുംവയററിൽ കുടിക്കുന്നതാണുനല്ലതു്. സൂപ്പു കുടിക്കുമ്പോൾ മുട്ടയും പാലും നിശ്ചയമായും കുടിക്കയും നല്ല ഭക്ഷണങ്ങൾമാത്രം കഴിക്കയും വേണം. പുളി അശേഷം ഉപയോഗിക്കരുതു്. വിശേഷാൽ പത്ഥ്യമൊന്നുമില്ല നിവൃത്തിയുള്ളവർ രണ്ടാളിന്റെ യാത്രച്ചിലവും ഭക്ഷണച്ചിലവും മാത്രം അയച്ചുതന്നാൽ ഞാൻ നേരിട്ടുചെന്നു തവളയുടെ ജാതിയും സൂപ്പു വെക്കേണ്ട ക്രമങ്ങളും കാണിച്ചുകൊടുക്കാം. ആയതു് എന്റെ തവളസൂപ്പു പ്രചാരത്തിൽ വരുത്തണമെന്നുള്ള ആഗ്രഹംകൊണ്ടു മാത്രമാണു്. അങ്ങനെ ചെയ്യണമെന്നു് എനിക്കു നിർബന്ധമില്ല. അവരവർതന്നെ ചെയ്യാലുംമതി. കൂടുതലായി വല്ല വിവരവും അറിയണമെന്നുള്ളവർ മുകളിൽ കൊടുത്തിട്ടുള്ള മേൽവിലാസത്തിൽ എഴുതുക. മറുപടി അയച്ചുകൊള്ളാം. മറുപടിക്കു സ്റ്റാമ്പു അയക്കണം.

൧൯൩൮ മാർച്ച്മാസത്തെ

# പൊതുനിയോഗം.

## വിവാഹവിഷയത്തിൽ ക്രിസ്തീയ സദാചാരനിയമങ്ങൾ പാലിക്കപ്പെടുക.

ക്രിസ്തീയവിവാഹം ഒരു വി. കൂദാശയായിട്ടാണല്ലോ കത്തോലിക്കർ ഗണിച്ചുവരുന്നതു്. കുടുംബജീവിതത്തിന്റെ അടിസ്ഥാനമായ വിവാഹത്തിന്റെ അഭേദ്യതയും പരിപാവനതയും ശിഥിലമാക്കുന്നതിനാണു് ക്രിസ്ത്യേതരന്മാർ ഇന്നു പരിശ്രമിച്ചു വരുന്നതു്. വിവാഹമോചനവും ജനനനിയന്ത്രണവും ആവശ്യമാണെന്നുപോലും ജല്പിക്കാൻ ചിലർക്കു ലജ്ജയില്ലാത്തതാണു് അത്ഭുതം! വിവാഹമെന്ന കൂദാശയുടെ മാഹാത്മ്യത്തെപ്പററി അകത്തോലിക്കർക്കുള്ള അജ്ഞത ഒന്നുമാത്രമാണു് ഈ വികല്പത്തിനുള്ള കാരണമെന്നേ കരുതാനുള്ളു. അതുകൊണ്ടു വിവാഹവിഷയത്തിൽ ക്രിസ്തീയ സദാചാരനിയമങ്ങൾ സർവ്വത്ര അനുഷ്ഠിക്കപ്പെടുന്നതിനുവേണ്ടി തിരുഹൃദയ സഭക്കാർ ഈ മാസത്തിൽ പ്രത്യേകം പ്രാർത്ഥിക്കണമെന്നു പരിശുദ്ധ പിതാവു് നമ്മോടു ഉപദേശിക്കുന്നു.

---

# പുസ്തകാഭിപ്രായം.

൧. "എന്റെ തിരുഹൃദയമാസം." ഗ്രന്ഥകർത്താ: റവ. ഫാദർ സെറാഫിൻ ബെനഡിക്റ്റ്. പ്രസാധകൻ: കെ. എൽ. ജോസഫ്, ചാത്യാത്തു്, എറണാകുളം. വില അണ രണ്ടു്.

ത്രേസ്യാ ന്യൂമാൻ, ലൂർദ്ദിലെ വിശുദ്ധ, ജ്ഞാനസ്നാനകർമ്മം മുതലായ 'കുടുംബദീപ'ത്തിലെ ലേഖനപരമ്പരകൾ വായിച്ചിട്ടുള്ളവർക്കു ഗ്രന്ഥകർത്താവിന്റെ രചനാസൌഷ്ഠവം അനുഭവപ്പെട്ടിരിക്കാനിടയുണ്ടു്. 'തിരുഹൃദയമാസം' പ്രത്യേകം ജൂൺമാസത്തിലെ ഉപയോഗത്തിനായി രചിക്കപ്പെട്ടിട്ടുള്ളതാണെങ്കിലും മററു സമയങ്ങളിലും ധ്യാനത്തിനായി ഉപയോഗിക്കത്തക്കവണ്ണം സുവിശേഷത്തിലെ പ്രധാന സംഭവങ്ങളെ ഓരോ ദിവസത്തെ

യും ധ്യാനവിഷയമായി വിവരിച്ചിരിക്കുന്നു. അതാതു ദിവസത്തേക്കു പ്രത്യേകം പ്രത്യേകം പ്രതിജ്ഞകളും പ്രാൎത്ഥനകളും ചേൎത്തിരിക്കുന്നതു് പ്രയോജനകരമായിട്ടുണ്ടു. കത്തോലിക്കരേവരും ഈ പുസ്തകത്തിനു സ്വാഗതമരുളുമെന്നാണ് ഞങ്ങളുടെ പ്രതീക്ഷ.

൨. "ജൂബിലിഗാനങ്ങൾ." ൩. "ഗാനോപകാരം." ഗ്രന്ഥകൎത്താ: റവ. ഫാദർ ജെയിക്കബ് കല്ലറയ്ക്കൽ, സെയിൻറ് ജോസഫ്സ്, തേവര.

ജൂബിലിവത്സരത്തിലെ പ്രത്യേക ഉപയോഗത്തിനുവേണ്ടി നവീനരീതികളിൽ രചിക്കപ്പെട്ടിട്ടുള്ള പതിമ്മൂന്നു ഗാനങ്ങളാണ് ആദ്യം പറഞ്ഞ പുസ്തകത്തിൽ അടങ്ങിയിരിക്കുന്നതു്. ൧൯൨൪ ഡിസമ്പർ ൨൦, ൨൧ ഈ തീയതികളിൽ നടന്ന ഗ്രന്ഥകൎത്താവിന്റെ ഗുരുപ്പട്ടത്തിന്റെയും നവപൂജയുടെയും സ്മാരകമായി പ്രസിദ്ധപ്പെടുത്തിയിട്ടുള്ള ഒരു ചെറുകൃതിയാണ് 'ഗാനോപകാരം'. ഇതിൽ ആകെ പതിനാലു ഗാനങ്ങളാണുള്ളതു്. ഈ പുസ്തകങ്ങൾ രണ്ടും ഗ്രന്ഥകൎത്താവിന്റെ സംഗീതപാടവത്തെ നല്ലവണ്ണം പ്രത്യക്ഷപ്പെടുത്തുന്നുണ്ടു്. ൩ പൈ മാത്രം വിലയുള്ള 'ജൂബിലിഗാനങ്ങൾ' ചാത്യാത്തു് സെൻറ് ജോസഫ്സ് വേദപ്രചരണസംഘം ആപ്പീസിൽ കിട്ടുന്നതാണ്.

## കുറിപ്പുകൾ.

ക്രിസ്തുനാഥന്റെ കുരിശുമരണത്തിന്റെ പത്തൊമ്പതാം ശതവൎഷജൂബിലി സമസ്തലോകത്തിനുമായി പരിശുദ്ധപിതാവു നീട്ടിയതു ഈ ഏപ്രിൽ മാസത്തിൽ അവസാനിക്കുന്നതാണല്ലോ. ഈ അസാധാരണ ജൂബിലി അസാധാരണമായ ചില ചടങ്ങുകളോടുകൂടി പൎയ്യവസാനിക്കത്തക്ക ഏൎപ്പാടുകൾ ചെയ്തിരിക്കുന്നു. അടുത്ത ഏപ്രിൽ ൨൩, ൨൪, ൨൫ ഈ തിയതികളിൽ ലൂൎദ്ദിൽവച്ചു രാത്രിയും പകലും എല്ലാസമയവും തുടൎച്ചയായി ദിവ്യപൂജകൾ അൎപ്പിക്കുന്നതിനു പരിശു

ശപിതാവു കല്പിച്ചനുവദിക്കുന്നു. നമ്മുടെ ദിവ്യരക്ഷകന്റെ മരണസമയമായ മൂന്നുമണിക്കു ഒരു കട്ടിനാൽ പൊന്തിഫിക്കാൽ പാട്ടുകുർബാന ആരംഭിക്കയും അതിനെ തുടൎന്നു മററു ദിവ്യപൂജകൾ സമൎപ്പിക്കപ്പെടുകയും ചെയ്യും. എല്ലാദിവസവും ഒരു കട്ടിനാളിന്റെ പൊന്തിഫിക്കാൽ പാട്ടുകുർബാനയുണ്ടായിരിക്കുന്നതാണ്. ആകെ ൧൪൪ ദിവ്യപൂജകൾ അൎപ്പിക്കപ്പെടുന്നതായിരിക്കും. ഇതിൽ സംബന്ധിക്കുന്നതിനായി ഫാദർ ലെ ടെല്ലിയർ അവർകളുടെ നേതൃത്വത്തിൽ ഒരു തീൎത്ഥസംഘം ൧൯൩൫ ഏപ്രിൽ ൧൨-ാം തീയതി ബോംബയിൽനിന്നു ടസ്കനിയാ കപ്പലിൽ പുറപ്പെടുന്നതും ഏപ്രിൽ ൨൭-ാം തീയതി രാവിലെ ലൂർദ്ദിൽ ചെന്നു ചേരുന്നതും ജൂൺ ൨൪-ാം തീയതിയോടുകൂടി ബോംബയിൽ മടങ്ങി എത്തുന്നതുമാണ്.

മാൎപ്പാപ്പായുടെ പരമാധിപത്യത്തെ ഏററുപറഞ്ഞതു നിമിത്തം ൧൫൩൫-ൽ രക്തസാക്ഷികളായി വീരമരണം പ്രാപിച്ച തോമസ് മൂർ, ജോൺ ഫിഷർ എന്നീ സിദ്ധന്മാരുടെ നാമകരണം അടുത്തുതന്നെ നടക്കുന്നതാണ്. അവർ രണ്ടുപേരെയും പതിമൂന്നാം ലേയോ മാൎപ്പാപ്പാ, ൧൮൮൬-ൽ സിദ്ധരെന്നു നാമകരണം ചെയ്തു.

അഖില കേരള കത്തോലിക്കാ കോൺഗ്രസിന്റെ ൧൬-ാമത്തു വാൎഷിക സമ്മേളനം എടത്വായിൽവെച്ചു മേടമാസം ൧൬, ൧൭, ൧൮ എന്നീ തീയതികളിൽ നടത്തുന്നതാണെന്നറിയുന്നു.

സ്ഥലം സെക്രഡ് ഹാർട്ട് ഹൈസ്കൂളിന്റെ ദ്വിതീയ വാൎഷിക മഹോത്സവം ഫെബ്രുവരി ൧൪-ാം തീയതി ദിവാൻ സിക്രട്ടറി മഹാമഹിമശ്രീ രാമവൎമ്മതമ്പുരാൻ എം. ഏ., ബി. എസ്സ്. സി., ബാർ അററ് ലാ തിരുമനസ്സിലെ മഹനീയാദ്ധ്യക്ഷതയിൽ നടന്നിരിക്കുന്നു. തദവസരത്തിൽ പല മഹാന്മാരുടെ പ്രസംഗങ്ങളും മത്സര പരീക്ഷകളിലും മത്സരക്കളികളിലും വിജയികളായവൎക്കു സമ്മാനദാനവും നടക്കുകയുണ്ടായി.

സ്പെയിനിലെ അൽഫോൻസോ രാജാവിന്റെ പുത്രിയുടെ വിവാഹം ഈയിടെ റോമിൽവെച്ചു നടന്നതിൽ ഇററലിയിലെ മഹാരാജാവും രാജ്ഞിയും ഉൾപ്പെടെ ൩൦ രാജകുമാരന്മാരും രാജകുമാരിമാരും സംബന്ധിച്ചിരുന്നു. ഈ അവസരത്തിൽ സംബന്ധിക്കുന്നതിനായിമാത്രം സ്പെയിനിൽനിന്നു ൫൦൦൦ രാജകക്ഷിക്കാർ വന്നിരുന്നു.

ഡർബാറിൽ സംബന്ധിക്കാനായി ന്യൂഡൽഹിക്കു പോയിരിക്കുന്ന കൊച്ചി മഹാരാജാവു തിരുമനസ്സുകൊണ്ടു മാർച്ച് ൧-ാം തീയതി മടങ്ങി എത്തുന്നതാണ്

സ്പെയിനിൽ ബാർസിലോണായിലുള്ള ടിബിഡാമോ പർവ്വതത്തിൻെറ മുകളിൽ ൨൭ അടി ഉയരമുള്ളതും ഓട്ടുകൊണ്ടുള്ളതുമായ തിരുഹൃദയത്തിൻെറ ഒരു പ്രതിമ സ്ഥാപിക്കുന്നതിനു നിശ്ചയിച്ചിരിക്കുന്നു. അരാജകത്വത്തിൻെറയും വൈദികവിദ്വേഷത്തിൻെറയും നടനരംഗമായിരുന്ന ബാർസിലോണായിലെ ജനങ്ങൾ ഒരു പിരിവെടുത്താണ് ഇതു് സ്ഥാപിക്കുന്നതു്.

ചക്രവർത്തി തിരുമനസ്സിലെ രജതജൂബിലി ആഘോഷങ്ങൾ പ്രമാണിച്ചു പാർലിമെൻറിലെ പ്രഭുസഭയുടെയും കോമൺസ് സഭയുടെയും ഓരോ മംഗളപത്രങ്ങൾ വെസ്റ്റ്മിനിസ്റ്റർ ഹാളിൽവെച്ചു തിരുമനസ്സിലേക്കു സമർപ്പിക്കപ്പെടുന്നതാണ്.

മലേറിയാ ദീനംമൂലം ജനുവരി മാസത്തിൽ കൊളംബിൻെറ വടക്കു പടിഞ്ഞാറു സംസ്ഥാനത്തു ൧൦൦൦ മരണങ്ങൾ ഉണ്ടായതായി ഗവമ്മെൻറിൻെറ ഏജൻറു പ്രസ്താവിച്ചിരിക്കുന്നു.

ഗോവയിലെ സ്വദേശിയും സിലോണിൽ കത്തോലിക്കാസഭക്കു വേണ്ടി അത്യധികം പ്രയത്നിച്ചിട്ടുള്ള ഒരു മിഷ്യനറിയുമായിരുന്ന ഫാദർ ജോസഫ് വാസിനെ സിദ്ധനെന്നു പേരു വിളിക്കാനുള്ള നടപടികൾ വീണ്ടും ആരംഭിച്ചിരിക്കുന്നു.

ക. നി. മൂ. സ. അ. വി. കുർബാ. ഹ്യൂബട്ട് (ചിററൂർ, കുമരകം) എന്ന നവസന്ന്യാസി അമ്പഴക്കാട്ട് വി. അമ്മത്രേസ്യാ. നവസന്ന്യാസാശ്രമത്തിൽവെച്ചു ഇക്കഴിഞ്ഞ ഫെബ്രുവരി ൨൪-ാം തീയതി അന്ത്യക്രദാശകളെല്ലാം കൈക്കൊണ്ടു ഭാഗ്യമരണം പ്രാപിച്ചിരിക്കുന്നു.

കല്പുംപടിപ്പള്ളി ഇടവക കണ്ണാടൻ പൈലി ഭാര്യ റോസ തൻെറ ൭൦-ാമത്തെ വയസ്സിൽ ഫെബ്രുവരി ൧൦-ാം തീയതി അന്ത്യക്രദാശകളെല്ലാം കൈക്കൊണ്ടു ഐഹികവാസം വെടിഞ്ഞിരിക്കുന്നു.

പരേതരുടെ ആത്മവിശ്രാന്തിക്കായി വായനക്കാർ പ്രാർത്ഥിപ്പാറാകണം.

**R. I. P.**

# സപ്പ്വിഷം.

സപ്പ്മോ അതുപോലെ വിഷമുള്ള മററു ജന്തുക്കളോ കടിച്ചാൽ നൂറു സെക്കണ്ടുനേരം വിഷം കടിവായിൽത്തന്നെ നിൽക്കുമെന്നു ശാസ്ത്രജ്ഞന്മാർ പറയുന്നു. അതിനിടയിൽ വിഷത്തെ നശിപ്പിക്കുവാൻ സാധിക്കാത്തപക്ഷം അതിനെ മേല്പോട്ടു കയറുവാൻ അനുവദിക്കാതിരിക്കയെങ്കിലും ചെയ്യേണ്ടതാണ്. കടിപെട്ടാൽ വേഗം വല്ല ചരടോ തോൽത്തുമുണ്ടോ എടുത്തു മുറി കരചരണാദികളിൽ എവിടെയെങ്കിലുമാണെങ്കിൽ അതിൻെറ മീതെയായി മുറുക്കി കെട്ടണം. രക്തം വഴിയാണ് വിഷം ദേഹത്തിൽ വ്യാപിക്കുന്നതു്. ഹൃദയത്തിലേക്കു രക്തം കൊണ്ടുപോകുന്ന ഞരമ്പുകൾ പ്രായേണ പുറംഭാഗത്തോടു അടുത്തിരിക്കും. വേലിപ്പരുത്തിയുടെ ഇലയും പൂവും വേരും സമമെടുത്തു് പാലിൽ അരച്ചു സേവിച്ചാൽ എല്ലാ സപ്പ്വിഷവും തീരും. ധ.

---


## SADHANA AUSADHALAYA, DACCA.

— അദ്ധ്യക്ഷൻ —

**യോഗേശ ചന്ദ്രഘോസ്, എം. എ., എഫ്. സി. എസ്സ്.**

ആയുവ്വേദ വിധിപ്രകാരം തയ്യാറാക്കീട്ടുള്ള ശുദ്ധമായ ഔഷധങ്ങൾ.

ഔഷധപ്പട്ടിക ആവശ്യക്കാക്കു വെറുതെ അയച്ചുകൊടുക്കുന്നതാണ്. രോഗവിവരം അറിയിച്ചാൽ സൌജന്യമായി ഔഷധം നിശ്ചയിച്ചുകൊടുക്കും.

മകരധ്വജ (സ്വണ്ണസിന്ദൂരം.) ത്രിദോഷങ്ങൾ കോപിച്ചുണ്ടാകുന്ന എല്ലാരോഗങ്ങൾക്കും സിദ്ധൌഷധമാകുന്നു. ഇതു ശരീരത്തിനും മനസ്സിനും ഓജസ്സും ശക്തിയും വദ്ധിപ്പിച്ചു ജീവിതം സന്തോഷമുള്ളതാക്കി തീക്കുന്നു.

ഒരു തൂപാത്തുക്കത്തിന് ക. ൪

ശാരിബാദിസരസാ. ഇതു് ഉഷ്ണപ്പുണ്ണിന് കൈകണ്ട മരുന്നാണു. രസസേവനം കൊണ്ടുണ്ടായ വിഷം, അസ്ഥിസ്രാവം, മൂത്രരോഗങ്ങൾ, രക്തദുഷ്യം ഇവയ്ക്കും വിശേഷപ്പെട്ടതു്. ഒരുസേറിനു ക. ൩

സ്വരസഞ്ജീവനി. ഓജഃക്ഷയം, ഇന്ദ്രിയസ്ഖലനം, സ്വപ്നദോഷം മുതലായ രോഗങ്ങളെ വേഗത്തിൽ സുഖപ്പെടുത്തും. സേർ ഒന്നിനു ക. ൧൬

അബലാബാന്ധവയോഗഃ:- ഇതു സ്ത്രീകളുടെ അസൃഗ്ദരം മുതലായ ആത്തവസംബന്ധമായ എല്ലാരോഗങ്ങളിലും പ്രശസ്തമായിട്ടുള്ളതാകുന്നു. ൧൬ തവണ സേവിപ്പാനുള്ള ഒരു കുപ്പിക്കു വില ക. ൨. അഞ്ചലിന്നു ക. ൧.

# പ്രസിദ്ധ ഔഷധങ്ങൾ.




## Malariana മലേറിയാനാ.

ഈ കീർത്തിപെട്ട ഔഷധം മലമ്പനി, വിറപ്പനി, ശീതപ്പനി, ഒന്നരാടൻ പനി. മുറപ്പനി മുതലായ എല്ലാവിധ പനികളെ മാററുകയും, പ്ലീഹോദരം എന്ന വയററിൽ ഉണ്ടാകുന്ന വീക്കത്തെ ഉരുക്കിക്കളഞ്ഞു സമ്പൂർണ്ണസുഖത്തെ നല്കുകയും ചെയ്യുന്നതിനു ഇതു ഒരു പ്രസിദ്ധ ഔഷധമാണെന്നു എല്ലാവരും അറിഞ്ഞിരിക്കേണ്ടുന്നതാകുന്നു. വില 8 ഔൺസിനു 1 ക. 8 ണ; 1 ഡജനു 16 ക. 8 ണ; 4 ഔൺസിനു 14 ണ; 1 ഡജനു 9 ക. 12 ണ;

**SYRUP SARSAMOGA.** രക്തശുദ്ധീകര ഔഷധം.

ശരീരം മുഴുവനും ചൊറി, ചിരങ്ങ്, കുരു, വ്രണം, വീക്കം മുതലായ രക്തദൂഷ്യത്താലുണ്ടാകുന്ന സർവ്വപീഡകളെയും ഗുണപ്പെടുത്തി, ശരീരത്തെ കാന്തിയും, ശോഭയുമുള്ള സ്വർണ്ണമയമാക്കുവാൻ ശക്തിയുള്ള ഒരു പ്രാണസ്നേഹിതനാണ് സിറപ് സർസ്സ അമോഗ. വില 8 ഔൺസിനു 3 ക. 8 ണ. ചെറിയ കുപ്പി 1ക്കു 1 ക. 14 ണ.

**BABYTONE.** ഗ്രഹണിഅന്തക.

ഗ്രഹണി എന്ന ദീനത്താലോ ജീർണ്ണകോശക്രമക്കേടു കൊണ്ടോ ശരീരം മെലിഞ്ഞു എല്ലും തോലും മാത്രം ഉള്ള കുട്ടികളെ ബേബിടോൺ എന്ന ഔഷധപ്രയോഗത്താൽ ക്ഷണത്തിൽ കൈകാലുകൾക്കും, ഞരമ്പുകൾക്കും രക്തചലനവും ശക്തിയും വരുത്തി ദേഹം കാത്തുരക്ഷിക്കുന്നവളായ ഉത്തമ മാതാവത്രെ. വില 4 ഔൺസിനു 1 ക. 4 ണ.

**EAR OIL.** ചെവി ചോരുന്നതിനു

ചെവിട്ടിൽ വേദനയുണ്ടായി ചെവികേളായ്ക, ചെവിയിൽനിന്നു ചലംവരുക, നാററം പുറപ്പെടുക എന്നിങ്ങനെ പലതരമുള്ള ദീനങ്ങളെയും ഇയർ ആയിൽ എന്ന എണ്ണ സുഖപ്പെടുത്തുന്നതാകുന്നു. വില ½ ഔൺസിനു 8 ണ; 1 ഔൺസിനു 14 ണ.

**SYRUP CARDUS.** പിത്തഹരൌഷധം.

ഉറക്കമില്ലായ്മ, തലതിരിച്ചൽ, പിത്തം ഛർദ്ദിക്കൽ, കൈകാൽതളർച്ച, ശരീരം കഴയുക, മലമൂത്രങ്ങളുടെ അക്രമം, നെഞ്ഞുനീറൽ ഇവയെല്ലാം ഗുല്മഹിംസകന്റെ പീഡകളല്ലയോ? എന്നാൽ ഈ സിരപ കരഡ് ഗുന്മൻ എന്നവയുടെ എല്ലാ കേടുകളെയും നിരാകരിച്ച ശരീരത്തിനു പുഷ്ടിയും ആരോഗ്യവും വൎദ്ധിപ്പിക്കുന്ന ഒരു മിത്രമാണെന്നതിനു സംശയമില്ല. വില 8 ഔൺസിനു 3ക 8ണ. ചെറിയ കുപ്പി 1ക്കു 1ക. 14ണ.

**RINGWORM BALM.** ത്വക്‌രോഗത്തിനു

ശരീരത്തിന്റെ നാനാഭാഗങ്ങളിലും വ്യാപിച്ചിരിക്കുന്ന പുഴുക്കടി, തഴുതണം, വരട്ടു ചൊറി, ചിരങ്ങ്, വ്രണം, ചുണങ്ങ് എന്നിവയെ ക്ഷണത്തിൽ സുഖപ്പെടുത്തും. വില ഡബ്ബി 1നു 5 ണ; 1 ഡജനു 3 ക.

ചികിത്സസംബന്ധമായ പുസ്തകം സൌജന്യമായി ആവശ്യക്കാൎക്ക അയച്ചുകൊടുക്കുന്നതാണ്. ഇതിനുപുറമെ ഹോമിയോപ്പതിയും ടിഷ്യൂമരുന്നുകളും ആവശ്യംപോലുണ്ടു.

THE MALARIANA Co.
8 Hampankatta,
Mangalore S. K.

ദി മലേറിയാനാ കമ്പനി,
8 ഹമ്പൻകട്ട,
മംഗലാപുരം.

Rec. No. C 130.

# പഞ്ചാംഗം.

| ൧൧൦൦ | കുംഭം - മീനം. | | | മാർച്ച് ൧൯൨൫. |
|---|---|---|---|---|
| ൧൭ | 1 | വെ | | വി. സ്സഡോക്ക്. |
| ൧൮ | 2 | ശ. | | വി. സിംപ്ലീച്ചി. |
| ൧൯ | 3 | ഞാ. | ✠ | വി. മരിനസ്. ൫൦ നോമ്പാരംഭം. |
| ൨൦ | 4 | തി. | | വി. കാസ്മീർ. |
| ● | 5 | ചൊ. | | വി. ഫോക്കാസ്. |
| ൨൨ | 6 | ബു. | | വിഭൂതി. |
| ൨൩ | 7 | വ്യാ. | | വി. തോമ്മാ അക്വീനാ. |
| ൨൪ | 8 | വെ. | | വി. യോഹന്നാൻ. (ഒരിക്കൽ) |
| ൨൫ | 9 | ശ | | വി. പ്രൻസെചസ്കാ. |
| ൨൬ | 10 | ഞാ. | ✠ | വി. മക്കാരിയൂസ്. |
| ൨൭ | 11 | തി. | | വി. ഹിരാക്ലിയൂസ്. |
| ൨൮ | 12 | ചൊ. | | വി. ഗ്രിഗോരി പാ. |
| ൨൯ | 13 | ബു. | | വി. നിസെഫോരോസ്. |
| ൧ | 14 | വ്യാ. | | വി. ലെഓൻ. |
| ൨ | 15 | വെ. | | ഭാ. ലൂദവിക്കോസ്. (ഒരിക്കൽ) |
| ൩ | 16 | ശ. | | വി. അബ്രാഹം. |
| ൪ | 17 | ഞാ. | ✠ | വി. പത്രീസി. |
| ൫ | 18 | തി. | | വി. ഗെബ്രിയേൽ. |
| ൬ | 19 | ചൊ. | ✻ | വി. യൗസേപ്പ്. |
| ○ | 20 | ബു. | | വി. അക്കിപ്പസ്. |
| ൮ | 21 | വ്യാ. | | വി. ബെനാദിക്തോസ് |
| ൯ | 22 | വെ. | | വി. കത്രീനാ. (ഒരിക്കൽ) |
| ൰ | 23 | ശ. | | വി. വിക്തോറിയൻ. |
| ൧൧ | 24 | ഞാ. | ✠ | വി. ക്ലാര. |
| ൧൨ | 25 | തി. | ✠ | പരി. ക. മറി. മംഗലവാർത്ത. |
| ൧൩ | 26 | ചൊ. | | വി. അലെക്സിസ് പാ. |
| ൧൪ | 27 | ബു. | | വി. യോഹന്നാൻ. |
| ൧൫ | 28 | വ്യാ. | | വി. യൗ. കപ്പിസ്ത്രാൻ. |
| ൧൬ | 29 | വെ. | | വി. ബെർണോൾദ്. (ഒരിക്കൽ) |
| ൧൭ | 30 | ശ. | | വി. യോഹ. ക്ലീമാക്കോസ്. |
| ൧൮ | 31 | ഞാ. | ✠ | വി. നിക്ലാവോസ്. |

✠ എല്ലാവർക്കും കടമുള്ള ദിവസം. ✻ ലത്തീൻകാർക്ക് കടം.

Printed at the "Little Flower" Press and published by Fr. Anastasius T. O. C. D.
THEVARA, ERNAKULAM, S. INDIA.